## 42

# നോക്കുക, ശ്രദ്ധിക്കുക, പഠിക്കുക
## (വെളിപ്പാട് 13:1-10)

അദ്ധ്യായം 13 ന്റെ പ്രാഥമികമായ ലക്ഷ്യം രണ്ട് ജീവികളെ പരിചയപ്പെടുത്തുകയാണ്: കടൽജീവിയും കരജീവിയും. രണ്ടും സർപ്പത്തിന്റെ കൂട്ടാളികളാണ്, അത് സാത്താനായി 12:9 തിരിച്ചറിയിക്കുന്നു. നശീകരണവും ഭയാനകവുമായ ആ ജന്തുവിനെ കേന്ദ്രീകരിച്ചുകൊണ്ടാണ് പതിനെട്ടിൽ പതിനഞ്ചു വാക്യങ്ങളും പറയുന്നത്. ആ ഭാഗം ഭയം ജനിപ്പിക്കുന്നതും - നിമഗ്നമാക്കുന്നതുമാണെന്ന് തോന്നുന്നു. തങ്ങളുടെ കാഴ്ച്ചപ്പാട് സൂക്ഷിപ്പാനും സഹായിപ്പാനുമായി തന്റെ ജനത്തിന് ദൈവം ഉൾക്കാഴ്ച്ച നൽകുന്ന ഒരു കുറിപ്പ് ചേർത്ത് ആദ്യ ക്രിസ്ത്യാനികളേയും (നമ്മെയും) ഉത്തേജിപ്പിക്കുകയാണ് ചെയ്യുന്നത് (13:9, 10, 18).

ആദ്യത്തെ മൃഗത്തെ പരിചയപ്പെടുത്തിയശേഷം നാം വായിക്കുന്നു, “ചെവിയുള്ളവൻ, കേൾക്കട്ടെ” (വാ. 9). അദ്ധ്യായം 2 ഉം 3 ഉം മുതൽ ഏഴ് സഭകൾക്ക് ഈ നിർദ്ദേശങ്ങൾ കൊടുക്കുന്നതുവരെ നാം ഈ പ്രബോധനം കേട്ടില്ല. വിവേചിച്ചു മനസിലാക്കുവാൻ, ശ്രദ്ധിച്ചു കേൾക്കണ മെന്ന അഭ്യർത്ഥനയാണ്, അതിൽ അടങ്ങിയിരിക്കുന്നത്.

ലൗകിക വിദ്യാഭ്യാസത്തിൽ “മൂന്നു ആർ എന്ന അക്ഷരങ്ങൾ” എത്രമാത്രം പ്രാധാന്യമുള്ളതാണോ, അതുപോലെ പ്രാധാന്യമുള്ളതാണ് വെളിപ്പാട് 13 പഠിക്കുമ്പോൾ, മൂന്ന് “എൽ എന്ന ഇംഗ്ലീഷ് അക്ഷരങ്ങൾ”: “നോക്കുക,” “ശ്രദ്ധിക്കുക,” “പഠിക്കുക.” അലങ്കാരത്തെ *നോക്കുകയും*, ഗൂഢാർത്ഥ സന്ദേശങ്ങൾ *ശ്രദ്ധിക്കുകയും*, ദൈവത്തിന്റെ പാഠങ്ങൾ *പഠിക്കുകയും* ചെയ്യുക. അദ്ധ്യായം 13 ന്റെ ആദ്യ വാക്യങ്ങളെ നാം പരിശോധിക്കുമ്പോൾ, നിങ്ങൾ പഠിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്ന “മൂന്നു കാര്യങ്ങൾ” മനസിൽ സൂക്ഷിക്കുക.

### പാഠം ഒന്ന്: പിശാച് മനുഷ്യ ഏജന്റുകളെ ഉപയോഗിക്കുന്നു

“യേശുവിന്റെ സാക്ഷ്യം മുറുകെ പിടിക്കുന്നവരും, കൽപനകൾ അനുസരിക്കുന്നവരും” ആയ സ്ത്രീയുടെ സന്തതിയിൽ ശേഷിപ്പുള്ളവരുമായി, യുദ്ധത്തിലേർപ്പെടുക എന്നതായിരുന്നു സർപ്പത്തിന്റെ ഉദ്ദേശം എന്ന് അദ്ധ്യായം 12-ൽ പറഞ്ഞിരിക്കുന്നു (വാ. 17). അത് ചെയ്യുവാൻ അവൻ *എങ്ങനെ* പദ്ധതി തയ്യാറാക്കി എന്നാണ് അദ്ധ്യായം 13 പറയുന്നത്. തന്റെ ഉദ്ദേശങ്ങൾ നിവർത്തിക്കുവാൻ മാനുഷ ഏജന്റുകളെയാണ് അവൻ അതിനായി ഉപയോഗിക്കുക.

ഈ പാഠത്തിൽ നാം, വാക്യം 1 മുതൽ 10 വരെ ആ ഏജന്റുമാരിൽ ഒന്നാമത്തേതിനെ കുറിച്ചാണ് പഠിക്കുന്നത്: കടൽജന്തു. 11 മുതൽ 18 വരെയുള്ള വാക്യങ്ങളെ കേന്ദ്രീകരിച്ച് നമ്മുടെ പാഠം രണ്ടാമത്തെ ഏജന്റിനെ കുറിച്ചും, പഠിക്കും: കരയിലെ ജന്തു. എങ്ങനെയായാലും, നമ്മുടെ ശ്രദ്ധ നാം മൃഗങ്ങളിലേക്ക് തിരിക്കുന്നതിനു മുൻപ്, സാത്താൻ തന്റെ ഉദ്ദേശനിവർത്തിക്കായി ഏജന്റുമാരെ ഉപയോഗിക്കുമെന്ന് ഊന്നി പറയട്ടെ. പ്രത്യേകമായി അവൻ

ഉപയോഗിക്കുന്നത് മാനുഷിക ഏജന്റുകളെയാണ്.

നമ്മുടെ അടുത്ത അവതരണത്തിൽ, സങ്കീർണ്ണമെന്ന് വ്യാഖ്യാതാക്കൾ കരുതുന്ന വെളിപ്പാട് 13:18 എന്ന വാക്യവും അതിലെ, ഗൂഢാർത്ഥസംഖ്യയായ "അറുനൂറ്ററുപത്താറും" നാം പരിശോധിക്കും. ആ സംഖ്യ "ഒരു *മനുഷ്യന്റെ* സംഖ്യയാണ്" (എംഫസിസ് മൈൻ) എന്നതാണ് എഴുത്തുകാർ അവഗണിക്കുന്നത്. അത് ഒരു മൃഗത്തിന്റെ സംഖ്യയല്ല; അത് ചുവന്ന പ്രകാശവും, കൊമ്പുകളും, വാലുമുള്ള ഭൂതത്തിന്റെ സംഖ്യയുമല്ല; അത് അമാനുഷമായ ഒന്നിന്റെ സംഖ്യയുമല്ല; മറിച്ച്, അത് "ഒരു മനുഷ്യന്റെ" സംഖ്യയാണ്. ഗ്രീക്കിൽ ഇൻഡെഫനിറ്റ് ആർട്ടിക്കിൾ ("എ" അല്ലെങ്കിൽ "ആൻ") ഇല്ലാത്തതുകൊണ്ട്, നമുക്ക് വേദഭാഗം, "ഒരു മനുഷ്യന്റെ" അല്ലെങ്കിൽ "മനുഷ്യവർഗത്തിന്റെ" സംഖ്യയായി കണക്കാക്കാം. എൻഐവിയിൽ "അത് ഒരു മനുഷ്യന്റെ സംഖ്യയാണ്" എന്നാണ്. ആർഎസ്‌വി യിൽ "അത് ഒരു മാനുഷ സംഖ്യയാണ്" എന്നത്രെ.

അദ്ധ്യായം 13 നെ കുറിച്ചുള്ള നമ്മുടെ പഠനത്തിൽ, പിശാച് പ്രവർത്തിക്കുന്നത് *മാനുഷ* ഏജന്റുകളിൽ[1] കൂടെയാണ് എന്ന് നാം കാണും.[2] യോഹന്നാന്റെ കാലത്ത്, അവൻ ക്രിസ്ത്യാനികളെ ഉപദ്രവിച്ചത് റോമൻ ഉദ്യോഗസ്ഥർ മുഖേനയായിരുന്നു. ഇന്ന് അവനും അവന്റെ സഹായികളും നമ്മെ ഉപദ്രവിക്കുന്നത് നാം ദിവസവും ബന്ധപ്പെടുന്ന ആളുകളിൽകൂടെയായിരിക്കും. യേശു ശിഷ്യന്മാരെ പറഞ്ഞയച്ചപ്പോൾ, ഭൂതത്തെ പേടിക്കുവാനല്ല, പിന്നെയോ, "മനുഷ്യരെ സൂക്ഷിച്ചുകൊൾവിൻ" എന്നാണ് പറഞ്ഞത്(മത്തായി 10:17).

"കേൾപ്പാൻ ചെവിയുള്ളവൻ, കേൾക്കട്ടെ" (13:9).

## പാഠം. രണ്ട്: പിശാച് ഭീഷണി ഉപയോഗിക്കും (13:1, 2)

ആ രംഗം മനസിൽ വെക്കുക: "അവൻ[3] [അതായത്, സർപ്പം] സമുദ്രത്തിൽനിന്നുകയറി" (വാ. 1). സന്ദർഭത്തിൽ, സമുദ്രം ഒരുപക്ഷെ, നിറഞ്ഞുകവിയുന്ന വിശ്രമമില്ലാത്ത ജനസമൂഹത്തെയായിരിക്കാം ഉദ്ദേശിച്ചത് (വാക്യം 1 നെ 17:1, 15 മായി താരതമ്യം ചെയ്യുക; യെശയ്യാവ് 60:5 നോക്കുക). നാം അതിനെ "വടക്കുനോക്കി യന്ത്രത്തിന്റെ എല്ലാ ദിശയിൽനിന്നും ശക്തമായ കാറ്റോടുകൂടി ഗർജിക്കുകയും അന്തരീക്ഷത്തിലേക്ക് വെള്ളത്തുള്ളികൾ വാരിവിതറുകയും ചെയ്യുന്ന സമുദ്രമായിട്ടാണ് കാണേണ്ടത്; വന്യമൂലകങ്ങളുടെ തള്ളലിന്റെ ശബ്ദവും നമുക്ക് കേൾക്കാം."[4]

യോഹന്നാൻ നോക്കിയപ്പോൾ, ആ കലങ്ങിമറിയുന്ന വെള്ളത്തിൽനിന്ന് ഒരു ഭയാനക മൃഗം കയറി വരുന്നതാണ് കണ്ടത്. ആദ്യം പതകളെ കീറിമുറിച്ച് തല പുറത്തേക്ക് കൊണ്ടുവന്നു, പിന്നെ ശരീരവും:

> അപ്പോൾ പത്തു കൊമ്പും ഏഴു തലയും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷണനാമങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽ നിന്നു കയറുന്നതു ഞാൻ കണ്ടു. ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്ക് സദൃശവും അതിന്റെ കാൽ കരടിയുടെ കാൽപോലെയും വായ് സിംഹത്തിന്റെ വായ് പോലെയും ആയിരുന്നു. അതിന്നു മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു (വാ. 1, 2). (ഈ പാഠത്തിന്റെ അവസാനം കാണുന്ന "കടൽജന്തു സമുദ്രത്തിൽ നിന്നു കയറി വരുന്നു" എന്ന ചിത്രീകരണം നോക്കുക).


ഈ മൃഗത്തെയാണ് നാം അദ്ധ്യായം 11-ൽ ചുരുക്കമായി കണ്ടത്. അഗാധത്തിൽനിന്നു കയറിവന്ന് രണ്ട് സാക്ഷികളെ കൊന്നത് ആ മൃഗമായിരുന്നു (വാ. 7). അദ്ധ്യായം 13 ലെ മൃഗം വീണ്ടും അഗാധത്തിൽനിന്നു കയറിവരുന്നത് നാം കാണും (17:3, 7, 8). ചിലപ്പോൾ സമുദ്രത്തിൽനിന്നും മറ്റു ചിലപ്പോൾ അഗാധത്തിൽനിന്നും മൃഗം കയറിവരുന്നതിൽ വിചാരപ്പെടരുത്: (1) സമുദ്രത്തിന്റെ ആഴത്തെ സൂചിപ്പിച്ചുകൊണ്ടാണ് പഴയനിയമ ഗ്രീക്ക് പുസ്തകത്തിൽ "ഗർത്തം" എന്നു പറഞ്ഞിരിക്കുന്നത് (മിക്ക പഴയനിയമ പുസ്തകങ്ങളിലും തർജിമ ചെയ്തിരിക്കുന്നത് "ആഴത്തിൽനിന്ന്" എന്നാണ്). "ഗർത്തവും" "സമുദ്രവും" തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. (2) എങ്ങനെയായാലും, ഇത് അലങ്കാരമാണ് – അലങ്കാരത്തിന് ചില മാറ്റങ്ങളുണ്ട്.

പുസ്തകത്തിലെ ശേഷിച്ച ഭാഗത്ത്, കടൽജന്തുവിനെ "മൃഗം" എന്നു മാത്രമാണ് വിളിച്ചിരിക്കുന്നത്, എന്നാൽ അവന്റെ പങ്കാളിയായ കരയിലെ മൃഗത്തെ "കള്ളപ്രവാചകൻ" എന്നാണ് വിളിച്ചിരിക്കുന്നത് (16:13; 19:20; 20:10 നോക്കുക). അതുകൊണ്ട് ആ പേരുകൾ ചിലപ്പോൾ ഞാൻ ഉപയോഗിക്കുന്നതാണ്.

മൃഗത്തെ കുറിച്ചുള്ള വിവരണങ്ങൾ ഞാൻ വായിച്ചപ്പോൾ, എനിക്ക് മേരി ഷെല്ലിയുടെ വിഖ്യാതമായ "ഫ്രാങ്കെൻസ്റ്റെയിൻസ് മോൺസ്റ്റർ" എന്ന പുസ്തകമാണ് ഓർമ്മ വരുന്നത്.[6] അതിൽ നിറയെ മൃതശരീരങ്ങളുടെ അവശിഷ്ടങ്ങളെ പറ്റി പറഞ്ഞിരിക്കുകയാണ്. പ്രവാചകനായിരുന്ന ദാനിയേലിനുണ്ടായ നാലു മൃഗങ്ങളുടെ ദർശനം ശരിയാക്കിയെടുത്തതുപോലെയാണ് വെളിപ്പാട് 13 ലെ മൃഗം (ദാനിയേൽ 7:2-27). ദാനിയേലിന്റെ ആ ദർശനത്തിന്റെ ചില പ്രധാന പ്രയോഗങ്ങൾ ഇതാ:

> ... ആകാശത്തിലെ നാല് കാറ്റും മഹാസമുദ്രത്തിന്ന് നേരെ അടിക്കുന്നതു ഞാൻ കണ്ടു, അപ്പോൾ തമ്മിൽ ഭേദിച്ചിരുന്ന നാല് മഹാമൃഗങ്ങൾ സമുദ്രത്തിൽനിന്നു കയറി വന്നു, ഒന്നാമത്തേത്, സിംഹത്തോട് സദൃശവും ... രണ്ടാമത്തേത്, കരടിയോടു സദൃശവും ... പിന്നെ പുള്ളിപ്പുലിക്കു സദൃശമായ മറ്റൊന്നിനെ കണ്ടു ... അതിന് ... പക്ഷികളുടെ ചിറകും നാല് തലയുമുണ്ടായിരുന്നു, അതിന്ന് ആധിപത്യം ലഭിച്ചു; ... അതിനുശേഷം, ഘോരവും ഭയങ്കരവും, അതിവേഗതയുമുള്ള നാലാമതൊരു മൃഗത്തെ കണ്ടു; അതിന് ഇരുമ്പുപല്ലുകളുണ്ടായിരുന്നു. അത് തിന്നുകയും തകർക്കുകയും ചെയ്തിട്ട് ശേഷമുള്ളതിനെ കാൽകൊണ്ട് ചവിട്ടിക്കളഞ്ഞു; മുമ്പെ കണ്ട സകല മൃഗങ്ങളിലും വെച്ച് ഇത് വ്യത്യാസമുള്ളതായിരുന്നു. അതിന്ന് പത്ത് കൊമ്പ് ഉണ്ടായിരുന്നു (ദാനിയേൽ 7:2-7).

ദാനിയേൽ 7 ലെ മൃഗങ്ങളുടെ ബുദ്ധിപരമായ ഘടന വെളിപ്പാട് 13 ലെ മൃഗത്തിന് എങ്ങനെ യോജിച്ചിരിക്കുന്നു എന്നു നോക്കുക.




ഈ മൃഗങ്ങൾ ആരാണ് അല്ലെങ്കിൽ എന്താണ്[9] എന്നറിയുവാൻ, ആദ്യം നാം ദാനിയേൽ കണ്ട മൃഗങ്ങൾ ആരാണ് അല്ലെങ്കിൽ എന്താണ് എന്ന് അറിയണം. ദാനിയേൽ 7 ലെ മൃഗങ്ങൾ ദാനിയേൽ 2:31–45 ഉം 8:3–25 മായും ബന്ധമുണ്ടെന്നും, നാല് മൃഗങ്ങൾ നാല് രാജ്യത്വങ്ങളെയാണ് പ്രതിനിധീകരിക്കുന്നതെന്നും മിക്ക പണ്ഡിതന്മാരും സമ്മതിക്കും.[10] ആദ്യരാജ്യം ബാബേൽ സാമ്രാജ്യമായിരുന്നു (ബി.സി. 606–538) (2:37, 38). രണ്ടാമത്തേത് മേദ്യ-പാർസി രാജ്യമായിരുന്നു (ബി. സി. 538–330) (8:20). എന്നാൽ മൂന്നാമത്തേത് ഗ്രീക്കു സാമ്രാജ്യമായിരുന്നു (ബി. സി. 330–63) (8:21). പിന്നെ, നാലാമത്തേത്, റോമാ സാമ്രാജ്യമായിരുന്നു (ബി. സി. 63 – ഏ. ഡി. 476) – ഏ. ഡി. 33–ൽ സഭ ആരംഭിച്ചപ്പോൾ നിലവിലുള്ള രാജ്യം.[11]

ദാനിയേലിന്റെ പുസ്തകത്തിൽ രാജാക്കന്മാരെയും രാജ്യങ്ങളെയും അൽപം വ്യത്യാസം വരുത്തിയിട്ടുണ്ട്. ഉദാഹരണമായി, നാല് ലോഹങ്ങൾകൊണ്ടുള്ള ബിംബത്തെ കുറിച്ചുള്ള സ്വപ്നം ദാനിയേൽ വ്യാഖ്യാനിച്ചപ്പോൾ, അവൻ നെബൂഖെദ്നേസർ രാജാവിനോട് പറഞ്ഞു, "പൊന്നുകൊണ്ടുള്ള തല തിരുമനസ് തന്നെ. തിരുമനസിലെ ശേഷം തിരുമേനിയേക്കാൾ താണതായ മറ്റൊരു രജ്യത്വമുണ്ടാകും ..." (ദാനിയേൽ 2:38, 39). വേദഭാഗത്തിലെ "തിരുമനസ്" എന്നത് അർത്ഥമാക്കുന്നത്, "നിന്റെ രാജത്വം" എന്നാണ് (അതായത്, ബാബേൽ രാജത്വം), എന്നാൽ ശ്രദ്ധിച്ചതായ രാജ്യം രാജാവിനെ സൂചിപ്പിക്കുന്നതിനാൽ, വ്യക്തിപരമായി "തിരുമനസ്" എന്നു പറയുവാൻ ദാനിയേൽ മടിച്ചില്ല.

ആ നാല് രാജ്യത്വങ്ങളെ ഒന്നുകൂടി നോക്കി, അവക്ക് പൊതുവിൽ എന്തെല്ലാമാണുള്ളത് എന്നു ചോദിക്കുക. അസംഖ്യം ഗുണങ്ങൾ പറയുവാൻ കഴിഞ്ഞേക്കാം: ഓരോന്നും ശക്തിയുള്ളതായിരുന്നു; ഓരോന്നും മറ്റുള്ളവയെ കീഴ്പ്പെടുത്തി ജയിക്കുന്നവരായിരുന്നു; അറിയപ്പെടുന്ന ലോകത്തിൽ ഓരോന്നും വ്യാപിച്ചു കിടന്നിരുന്നു. എങ്ങനെയായാലും, യോഹന്നാന്റെ വായനക്കാർക്കുണ്ടായിരുന്ന അനുഭവം എന്തെന്നാൽ, *അവരെല്ലാവരും വാസ്തവത്തിൽ ദൈവജനത്തെ എതിർക്കുന്നവരായിരുന്നു.* ചിലർ മറ്റുള്ളവ

രേക്കാൾ തീരെ മോശമായിരുന്നു, എന്നാൽ അവരെല്ലാം യിസ്രായേലിനോട് അടിമകളായിട്ടാണ് പെരുമാറിയിരുന്നത്. ബാബേൽ യെരുശലേമിനെ നശിപ്പിക്കുകയും യെഹൂദന്മാരെ അടിമകളാക്കുകയും ചെയ്തു. മേദ്യരും-പാർസികളും ഭരണത്തിൽ വന്നപ്പോഴും യെഹൂദന്മാർ ഒരു പ്രജാദേശമായി ത്തന്നെ തുടർന്നു. ഗ്രീക്ക് സാമ്രാജ്യത്തിൻ കീഴിലായിരുന്നു യെഹൂദന്മാർക്ക് ശക്തമായ എതിർപ്പ് നേരിടേണ്ടിവന്നത്, പ്രത്യേകിച്ച്, അന്തിയോക്കസ് എപ്പിഫാനസിന്റേയും, സിറിയൻ നിയന്ത്രണത്തിന്റേയും സമയത്ത്. അല്പ വിരാമശേഷം, മെക്കാബിസിന്റെ കാലത്ത് ഒരിക്കൽകൂടെ യിസ്രായേൽ അടിമത്വ ദേശം ആകുകയും ചെയ്തു - അത് റോമാ ഭരണത്തിൻ കീഴിലായിരുന്നു. "ദൈവത്തിനെ-തിരായ രാഷ്ട്രീയ ശക്തി" എന്ന് വിളിക്കാവുന്നതായിരുന്നു മൊത്തത്തിൽ നാല് രാജ്യത്വങ്ങളും.

ദാനിയേൽ കണ്ട നാല് മൃഗങ്ങളുടെ സ്വഭാവത്തോട് തുല്യമായി മൃഗത്തെ കുറിച്ച് ഒന്നാം-നൂറ്റാണ്ടിലെ വായനക്കാർ കേൾക്കുമ്പോൾ, അവരുടെ മനസിൽ എന്ത് ആശയമാണ് വരുന്നത്? എഡി ക്ലോയർ പറഞ്ഞു, "മൃഗം സഭയെ ഉപദ്രവിക്കുന്ന, റോമാ സാമ്രാജ്യമാണെന്നതിന് അല്പ സംശയമേ യോഹന്നാന്റെ കാലത്തുള്ളവർക്ക് തോന്നിയിരിക്കയുള്ളു."[12] ജെയിംസ് എഫേർഡ് എഴുതി, "പുസ്തകം ആരംഭത്തിൽ എഴുതിയവർക്ക് മൃഗം ആരാണെന്ന കാര്യത്തിൽ, തിരിച്ചറിയുവാൻ കഴിയാത്ത രഹസ്യമായിരുന്നില്ല. അത് അവർക്കെതിരായി ശക്തി ഉപയോഗിച്ചിരുന്ന റോമാ സാമ്രാജ്യമായിരുന്നു."[13]

അദ്ധ്യായം 13 ലെ മൃഗം റോമാ സാമ്രാജ്യമാണെന്ന് പറയുവാൻ പല കാരണങ്ങളുണ്ട്. ഉദാഹരണത്തിന്, അദ്ധ്യായം 17-ൽ, മൃഗം "മഹാവേശ്യയുടെ" പുറത്താണ് സഞ്ചരിച്ചത് (വാ. 3, 7), സ്ത്രീ "ഭൂരാജാക്കന്മാരെ വാഴുന്ന മഹാനഗരമായിരുന്നു" (വാ. 18), അത് സ്ഥിതി ചെയ്തത് "ഏഴ് കുന്നുകളുടെ മുകളിലായിരുന്നു" (വാ. 9) - മറ്റൊരു വാക്കിൽ, അത് റോമാ നഗരമായിരുന്നു.

വീണ്ടും, റോമിനേയും റോമാക്കാരേയും കുറിച്ച് നമുക്ക് അറിയാവുന്നതുമായി യോജിക്കുന്നതാണ് മൃഗത്തെ കുറിച്ചുള്ള വിവരണങ്ങൾ. ആൽബർട്ട് ബാൽഡിഞ്ചർ ഈ ചുരുക്കവിവരണം നൽകിയിരിക്കുന്നു:

> യോഹന്നാൻ പറഞ്ഞ സമുദ്രത്തിൽ-നിന്നു വന്ന മൃഗം പ്രതിനിധീകരിക്കുന്നത് റോമാ സാമ്രാജ്യത്തെയാണ്. വിശുദ്ധ ഗ്രന്ഥത്തിലെ ഓരോ പോയിന്റും ചരിത്രത്തിലെ സംഭവങ്ങളുമായി യോജിക്കുന്നുവെന്ന് കാണുവാൻ താഴെ പറയുന്ന വസ്തുതകൾ എതിർ കോളത്തിൽ ആക്കി നോക്കുക.
>
> നിഗളമുള്ള ലോകയജമാനത്തി ചമഞ്ഞിരുന്ന നഗരമായിരുന്നു റോമെന്ന് ലൗകിക ചരിത്രം വെളിപ്പെടുത്തുന്നു. "സകലഗോത്രങ്ങളിലും, ഭാഷകളിലും ജാതികളിലും" മൃഗത്തിന് അധികാരം ഉണ്ടായിരുന്നതായി യോഹന്നാൻ പറയുന്നു. ഡൊമീഷ്യൻ ചക്രവർത്തി തന്നെത്തന്നെ "അവർ ലോഡ് ആന്റ് ഗോഡ് ഓർഡെയിൻസ്" എന്ന് പറഞ്ഞ് ദൈവത്തിനെതിരായി "ദൂഷണം പറഞ്ഞിരുന്നു" എന്നാണ് യോഹന്നാൻ എഴുതിയത്. "വിശുദ്ധന്മാർക്കെതിരെ യുദ്ധം ചെയ്തു കീഴ്പ്പെടുത്തുവാൻ" ചക്രവർത്തി കൽപന കൊടുത്തിരുന്നു എന്ന് യോഹന്നാൻ പറയുന്നു. നീറോയിൽ ആരംഭിച്ച് ഡൊമീഷ്യനിൽ അവസാനിക്കുന്നതായ പത്തു വലിയ ഉപദ്രവങ്ങൾ നിമിത്തം ക്രിസ്ത്യാനികൾ അതിദാരുണമായി പീ

ഢിപ്പിക്കപ്പെട്ടിരുന്നു എന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.[14]

“രാജാവ് = രാജ്യം” എന്നതു മനസിൽ സൂക്ഷിക്കുക. മൃഗം എന്നതു ഡൊമിഷ്യൻ ചക്രവർത്തിയെയാണ് സൂചിപ്പിക്കുന്നത്, അയാൾ ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്കെതിരായി ഉയർന്ന കുന്തമുനയായിരുന്നു. രണ്ടു വിധത്തിലും, യോഹന്നാന്റെ കാലത്തെ മൃഗം “ക്രിസ്ത്യാനികൾ-ക്കെതിരായ രാഷ്ട്രീയ ശക്തിയായിരുന്നു.”

ഒരു നിമിഷത്തിനുശേഷം, മൃഗം-എന്ന റോമിനെ നാം അടുത്തു മനസിലാക്കും; എന്നാൽ അതിനു മുൻപ്, സർപ്പം തന്റെ ഏർപ്പാടുകൾക്ക് സൈന്യത്തെ തിരഞ്ഞെടുത്തപ്പോൾ, അവൻ ആദ്യം തിരഞ്ഞെടുത്തത് വിശാലമായ സൈന്യത്തെയായിരുന്നു എന്ന് ഞാൻ ഊന്നി പറയട്ടെ. ശക്തമായ - ഒന്നായിരുന്നു അത്. ക്രിസ്ത്യാനികളെ നശിപ്പിക്കുവാൻ പിശാച് തിരഞ്ഞെടുത്തത് മൂന്നു മാർഗങ്ങളായിരുന്നു: *ഭീഷണിയും, വഞ്ചനയും, പരീക്ഷണവും*. ഇതിൽ ആദ്യത്തേത് അദ്ധ്യായം 13-ൽ റോമാ ഗവൺമെന്റിൽകൂടെ നടപ്പാക്കിയതായി കാണാം.[15]

തീർച്ചയായും, റോമാ സാമ്രാജ്യം ഇല്ലാതായിട്ട് വർഷങ്ങളായി. യൂറോപ്പിലെ പല പുരാതന സംസ്ക്കാരത്തിന്റെ നാശാവശിഷ്ടങ്ങൾക്കിടയിൽ കൂടെ നടന്നു പോകുവാനുള്ള അവസരം എനിക്ക് ലഭിച്ചിട്ടുണ്ട്. ആ രാജ്യത്തിന്റെ മഹത്വം ഇല്ലാതായി; ഇനി അതുണ്ടാകയില്ല - അതിനർത്ഥം അദ്ധ്യായം 13-ൽ നിങ്ങൾക്കും എനിക്കും പ്രായോഗികത ഒന്നുമില്ല എന്ന് ധരിക്കരുത്. “ചെവിയുള്ള [ആരോടു] മാണ്” ആ വേദഭാഗം പറയുന്നതെന്ന് വാക്യം 9 നമ്മെ ഓർപ്പിക്കുന്നു. സാത്താന്റെ കൗശലം റോമാചക്രവർത്തിയെക്കൊണ്ടു ഭീഷണി ഉയർത്തുന്നതു മാത്രമായി ഒതുങ്ങിയില്ല.[16] ഇന്നും മതസ്വാതന്ത്ര്യം അനുവദിക്കാത്ത രാജ്യങ്ങളിൽ ആളുകൾ താമസിക്കുന്നുണ്ട്. തങ്ങളുടെ വഞ്ചനാപരമായ വ്യാപാരത്തിന് കൂട്ടു നിൽക്കാത്ത ജോലിക്കാരെ പിരിച്ചുവിടുമെന്ന ഭിഷണി ഇന്നും നിലനിൽക്കുന്നുണ്ട്. വേറെ ചിലർ ക്രിസ്ത്യാനിത്വത്തെ മുറുകെപ്പിടിച്ചാൽ കുടുംബത്തെ ഉത്തരവാദിത്വത്തിൽനിന്നു നീക്കിക്കളയുമെന്ന ഭീഷണി നേരിട്ടിട്ടുണ്ട്. ഭീഷണി ഇന്നും പിശാചിന്റെ ആയുധശാലയിലെ പ്രധാന ആയുധം തന്നെയാണ്.

“ചെവിയുള്ളവൻ, കേൾക്കട്ടെ” (13:9).

### പാഠം മൂന്ന്: പിശാച് ശക്തി ഉപയോഗിക്കുന്നു (13:1, 2, 4, 7)

സാത്താൻ ക്രിസ്ത്യാനികളെ പല വിധത്തിൽ ഭീഷണിപ്പെടുത്തുന്നുണ്ട്. അതിലൊന്ന് ഞാൻ മുൻപ് പറഞ്ഞതുപോലെ ശക്തി ഉപയോഗിച്ചുകൊണ്ടാണ്. മൃഗത്തെയും അവന്റെ വലിയ ശക്തിയേയും വിവരിച്ചിരിക്കുന്നത് ഒന്നുകൂടെ നോക്കുക:

സർപ്പത്തെ പോലെ, അവന്, ഏഴ് തലകളും, പത്ത് കൊമ്പുകളും, പല കിരീടങ്ങളുമുണ്ടായിരുന്നു (13:1).[17] പിന്നീട് ഒരദ്ധ്യായത്തിൽ നാം അത് പഠിക്കും - മൃഗത്തിന്റെ നിറം ചുവപ്പാണ് (17:3). നിങ്ങളേയും എന്നേയും ദൈവസാദൃശത്തിൽ സൃഷ്ടിച്ചിരിക്കുന്നതുപോലെ (ഉൽപത്തി 1:26), മൃഗത്തെയും സൃഷ്ടിച്ചവന്റെ സാദൃശത്തിലാണ് ഉണ്ടാക്കിയത്. നാം സർപ്പത്തെ കുറിച്ച് പഠിച്ചപ്പോൾ, അതിന്റെ രക്തം - പോലെ ചുവന്ന-നിറം സൂചിപ്പിക്കുന്നത്, കൊല്ലുവാനുള്ള അതിന്റെ പ്രവണതയെയാണ് എന്ന് പറഞ്ഞുവല്ലൊ; അവന്റെ

ഏഴ് തലകൾ അർത്ഥമാക്കുന്നത് അവന്റെ വലിയ കൗശലത്തേയും, സൂത്രത്തെയുമാണ്; അവന്റെ പത്തു കൊമ്പുകൾ, വലിയ ശക്തിയെയാണ് വ്യക്തമാക്കുന്നത്; പല കിരീടങ്ങൾ വലിയ അധികാരത്തെയുമാണ് കാണിക്കുന്നത്.[18] ആ യോഗ്യതകളെല്ലാം ഇപ്പോൾ മൃഗത്തിലേക്ക് പകർന്നതായി കാണുന്നു. "അതിന്ന് മഹാസർപ്പം തന്റെ ശക്തിയും, സിംഹാസനവും,[19] വലിയ അധികാരവും കൊടുത്തു"[20] (വാ. 2). "സകല ഗോത്രത്തിന്മേലും വംശത്തിന്മേലും ഭാഷമേലും ജാതിമേലും[21] അധികാരം ലഭിച്ചു" (വാ. 7). സാത്താൻ യേശുവിന് വാഗ്ദാനം ചെയ്തത് (മത്തായി 4:8, 9), ഇപ്പോൾ അവൻ മൃഗത്തിന് നൽകി.

കൂടാതെ, ശക്തിയും ബലവും വർദ്ധിപ്പിക്കുന്നതിനായിരുന്നു മൃഗങ്ങളെ തമ്മിൽ-യോജിപ്പിച്ചത്: കടൽ-ജന്തുവിന് പുള്ളിപ്പുലിയുടെ വേഗതയുണ്ടായിരുന്നു.[22] അതിന് കരടിയുടെ ശക്തിയും, സിംഹത്തിന്റെ ഗർജ്ജനവും, മറ്റേതൊരു വന്യ മൃഗത്തേയും പോലെ, ദുർഗുണവുമുണ്ടായിരുന്നു.[23]

കൂടാതെ, വഴങ്ങുവാൻ കഴിയാത്ത[24] അവസ്ഥ മൃഗത്തിന്റെ ശക്തിയെ കാണിക്കുന്നു. "വാൾകൊണ്ട്" മാരകമായ "മുറിവേറ്റിട്ടും" പെട്ടെന്ന് മുറിവുണങ്ങിയത് ജനബാഹുല്യത്തെ അതിശയിപ്പിച്ചു (വെളിപ്പാട് 13:3, 12, 14, 15).

മൃഗം ദൈവത്തേക്കാൾ ശക്തിയുള്ളവനാണെന്ന് അവൻ തോന്നിപ്പിച്ചു, വാസ്തവത്തിൽ - അനന്തരഫലങ്ങൾ കൂടാതെ അവന് ദൈവത്തെ ദുഷിക്കുവാൻ കഴിയുമെന്ന് വരുത്തി തീർത്തു: വാക്യം 1 പറയുന്നു, "അവന്റെ തലമേൽ"[25] "ദൂഷണനാമങ്ങൾ" ഉണ്ട്. "ആ ദൂഷണനാമങ്ങൾ" ഒരുപക്ഷെ റോമാ ചക്രവർത്തിമാർ തങ്ങളെത്തന്നെ ദൈവമാക്കി ഉയർത്തിയതാകാം.

> ഓരോ ചക്രവർത്തിയേയും വിളിച്ചിരുന്നത് *ഡിവസ്* അല്ലെങ്കിൽ *സെബാസ്റ്റോസ്* എന്നും അതിനർത്ഥം "ഡിവൈൻ" എന്നുമാണ്. ചക്രവർത്തിക്ക് *ദൈവം* എന്നും *ദൈവപുത്രൻ* എന്നും ഇടക്കിടെ പേർ വിളിക്കുകയും, നീറോ ഇറക്കിയ നാണയത്തിൽ, താൻ *ലോക രക്ഷിതാവാണെന്ന്* ആലേഖനം ചെയ്യുകയും ചെയ്തിരുന്നു. ... കൂടാതെ, പിന്നീട് വന്ന ചക്രവർത്തിമാർ, അവരെ ലാറ്റിൻ വാക്കായ *ഡോമിനസ്* അല്ലെങ്കിൽ അതിനു തുല്യമായ ഗ്രീക്ക് വാക്ക്, *കൂറിയോസ്* എന്നാണ് വിളിച്ചിരുന്നത്, ആ നാമം പഴയനിയമത്തിൽ കർത്താവ് എന്നു ദൈവത്തിനായും പുതിയനിയമത്തിൽ പ്രത്യേകമായി യേശുവിനും മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്.[26]

വീണ്ടും 13:5 പറയുന്നത് മൃഗം "വമ്പും ദൂഷണവും" സംസാരിച്ചു എന്നാണ്. "ദൂഷണം പറയുക" എന്നാൽ "എതിരായി സംസാരിക്കുക" എന്നാണ്. മൃഗം എന്താണ് എതിരായി സംസാരിച്ചത് എന്ന് 13:6-ൽ നിന്നു നാം മനസിലാക്കുന്നു. "അത് ദൈവത്തിന്റെ നാമത്തെയും അവന്റെ കൂടാരത്തെയും സ്വർഗത്തിൽ വസിക്കുന്നവരെയും[27] ദൂഷിപ്പാൻ വായ് തുറന്നു." "അവന്റെ കൂടാരം" എന്നത് "അവന്റെ വാസസ്ഥലമായി കരുതാം."[28] ദൈവം തന്റെ ജനത്തിലാണ് വസിക്കുന്നത് എന്നതുകൊണ്ടും (1 കൊരിന്ത്യർ 3:16) ക്രിസ്ത്യാനികളുടെ പൗരത്വം സ്വർഗത്തിലായതുകൊണ്ടും (ഫിലിപ്പിയർ 3:20), വേദഭാഗം ഒരുപക്ഷെ സൂചിപ്പിച്ചത് സഭയെ കുറിച്ച് പ്രചരിപ്പിക്കുന്ന വ്യാജത്തെയായിരിക്കാം. [29]

13:1-8 വ്യക്തമാക്കുന്നത് മൃഗത്തിനു ചെയ്യുവാൻ കഴിയുന്നതിന്റെ പരമാവധി ചെയ്യുമെന്നും ആർക്കും അവനെ നിയന്ത്രിക്കുവാൻ സാധ്യമല്ല എന്നുമാണ്. അതുകൊണ്ട് പുരുഷാരം അതിശയിച്ചു ചോദിച്ചു, "അതിനോട് ...

പൊരുതുവാൻ ആർക്ക് കഴിയും?" (വാ. 4). സ്പഷ്ടമായും, ആർക്കും കഴിയുമായിരുന്നില്ല, തീർച്ചയായും, ബലഹീന ക്രിസ്ത്യാനികൾക്ക് കഴിഞ്ഞില്ല. "വിശുദ്ധന്മാരോട്[30] യുദ്ധം ചെയ്ത് അവരെ ജയിപ്പാനും അതിന് അധികാരം ലഭിച്ചു" (വാ. 7). "വിജയം" എന്ന വാക്കിനുള്ള ഗ്രീക്ക് വാക്ക് *നികേ* യുടെ ക്രിയാരൂപമാണ് "ജയിപ്പാൻ" എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. പർവ്വതത്തിൽനിന്ന് ഒരു വലിയ പാറ ഉരുണ്ടു വരുമ്പോൾ വഴിയിലുള്ളതിനെയെല്ലാം ചതച്ച് നിരപ്പാക്കുന്നതുപോലെ ആയിരുന്നു മൃഗം. അവൻ അജയ്യനാണെന്ന് തോന്നുന്നു.[31]

മുൻപ് പറഞ്ഞതുപോലെ, സാത്താൻ തന്റെ ഉദ്ദേശത്തിനു യോജിച്ച ഏതു ശക്തിയും ഇന്നും ഉപയോഗിക്കും. പല ചിത്രീകരണങ്ങളും ഞാൻ നൽകിയിരുന്നു; നിങ്ങൾക്ക് കൂടുതൽ നൽകുവാൻ, തീർച്ചയായും കഴിയും.[32] എങ്ങനെയായാലും, ഇപ്പോൾ, "അവന്റെ ഇഷ്ടം ചെയ്യുവാൻ പിശാച് നിങ്ങളെ *നിർബ്ബന്ധിച്ചാൽ* അതിശയിക്കരുത് എന്ന് മാത്രം പറയട്ടെ."

"കേൾപ്പാൻ, ചെവിയുള്ളവൻ കേൾക്കട്ടെ" (13:9).

## പാഠം നാല്: പിശാച് തുല്യ സമ്മർദ്ദം ഉപയോഗിക്കുന്നു (13:3, 4, 8)

മറ്റുള്ളവർ നിങ്ങളോടുകൂടെ നിന്നാലും, സമ്മർദ്ദത്തെ പ്രതിരോധിക്കുക പ്രയാസമാണ്. പുരുഷാരം എതിരാകുമ്പോൾ, പ്രയാസം ഇരട്ടിയാകും. "നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും അതിൽകൂടെ പോകുന്നവർ അനേകരുമാണ്" എന്ന് യേശു പറയുകയുണ്ടായി (മത്തായി 7:13). അവന്റെ വിലയിരുത്തൽ ശരിയാണെന്ന് നമ്മുടെ വേദഭാഗം ഉറപ്പിക്കുന്നു: "*ഭൂമി മുഴുവൻ* അതിശയിക്കയും, മൃഗത്തെ അനുഗമിക്കയും ... ഭൂവാസികൾ *ഒക്കെയും* അവനെ നമസ്ക്കരിക്കയും ചെയ്തു" (വാ. 3–8; എംഫസിസ് മൈൻ).

മൃഗത്തെ നമസ്ക്കരിക്കുന്നതിനെ കുറിച്ച് നമ്മുടെ അടുത്ത പാഠത്തിൽ നാം പഠിക്കും,[33] എന്നാൽ ഇപ്പോൾ, നമുക്ക് പുരുഷാരത്തിന്റെ വിസ്മയവും, ആരാധനയും, ആദരവും, മുഖസ്തുതിയും നോക്കാം – അവ എല്ലാം തന്നെ ആരാധനയുടെ മൂലകങ്ങളാണ്. അവർ "മൃഗത്തെ പോലെ ആരുള്ളു? എന്നു പറഞ്ഞ് അവനെ നമസ്ക്കരിച്ചു ..." (വാ. 4). അവരുടെ വാക്കുകൾ "ഒരു വലിയ ഹാസ്യാനുകരണത്തിന്റെ രൂക്ഷത നിറഞ്ഞ ചോദ്യമായിരുന്നു: 'ദൈവങ്ങളിൽ നിന്നെപോലെ ആരുള്ളു, കർത്താവേ?' (പുറപ്പാട് 15:11)."[34]

വാസ്തവത്തിലുള്ള മതത്തെ മൃഗം ഒന്നിലധികം പ്രാവശ്യം ഹാസ്യമുള്ളതാക്കി കാണിച്ചു. ഉദാഹരണത്തിന്, യേശുവിന്റെ മരണത്തേയും ഉയർപ്പിനേയും അവൻ മുറിവുണങ്ങിയ ചിത്രമാക്കി: "അതിന്റെ തലകളിൽ ഒന്ന് മരണകരമായ മുറിവേറ്റതായി ഞാൻ കണ്ടു. അതിന്റെ മരണകരമായ മുറിവ് പൊറുത്തുപോയി, ഭൂവാസികൾ ഒക്കെയും വിസ്മയിച്ചു ..." (വാ. 3). "മൂലഭാഷയിൽ അറുക്കപ്പെട്ടതുപോലെ" എന്നാണ്. കുഞ്ഞാടിന്റെ നശ്വരമായ മുറിവിനെ വിവരിച്ച് 5:6 ലും 13:8 ലും ഉപയോഗിച്ച വാക്കു തന്നെയാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. 13:3 ഒരു വിധത്തിൽ, അല്ലെങ്കിൽ മറ്റൊരു വിധത്തിൽ, ഒന്നാം – നൂറ്റാണ്ടിന്റെ അവസാനം അന്ധവിശ്വാസികൾക്കിടയിൽ വിതരണം ചെയ്തിരുന്ന "നീറോ റെഡിവിവസ്" എന്ന ഇതിഹാസവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് മിക്ക എഴുത്തുകാരും കരുതുന്നത്.[36] ആ ഇതിഹാസമനുസരിച്ച്, എ. ഡി. 68–ൽ മരിച്ചുപോയ നീറോ, മടങ്ങിവന്ന് തനിക്കെതിരായിരുന്ന റോമാ സൈന്യത്തെ ശിക്ഷിക്കും. ചില എഴുത്തുകാർ വിശ്വസിക്കുന്നത്,

ആ വേദഭാഗം ഒരർത്ഥത്തിൽ നീറോ ആയിരുന്നയാൾ, ഡൊമിഷ്യൻ ആയി ആവിർഭവിച്ചതാണെന്നാണ്; ഡൊമിഷ്യൻ ക്രിസ്ത്യാനികളെ ഉപദ്രവിച്ചതിനെ കുറിച്ച് റോമൻ ചരിത്രകാരനായിരുന്ന തെർത്തുല്യൻ പറഞ്ഞത്, "ക്രൂരത്വത്തിൽ അയാൾ നീറോയുടെ പതിപ്പായിരുന്നു"[37] എന്നാണ്. നേരെ മറിച്ച്, ആ വേദഭാഗം അർത്ഥമാക്കുന്നത്, ചിലപ്പോൾ റോമാ ചക്രവർത്തിമാർ മരിക്കത്തക്ക രോഗാവസ്ഥയിലാകുകയും, പിന്നീട് എഴുന്നേറ്റ് കഴിയുമ്പോൾ, പൂർവ്വാധികം ശക്തിയോടെ വരികയും ചെയ്യും എന്നതാണ്.

ഓരോ വിശദാംശത്തിന്റേയും അർത്ഥം നാം മനസിലാക്കിയാലും ഇല്ലെങ്കിലും, അവസാനഫലം കാണുവാൻ എളുപ്പമാണ്: ലോകം, മുഴുവനും, മൃഗത്തെ കണ്ട് വിസ്മയിച്ചു. അവർ അവനെ അനുഗമിക്കയും നമസ്ക്കരിക്കുകയും ചെയ്തു. അവന്റെ തന്ത്രങ്ങളെ ചെറുക്കുന്ന ക്രിസ്ത്യാനികൾക്ക് ഇതെത്ര പ്രയാസമായിരുന്നു എന്നോർക്കുക!

പിശാച് തന്റെ ഇഷ്ടം ചെയ്യുവാൻ തത്തുല്യമായ സമ്മർദ്ദം ഇപ്പോഴും നമ്മിൽ ചെലുത്തുമോ? അവൻ ചെയ്യുമെന്ന് നിങ്ങൾക്ക് അറിയാമല്ലൊ. "എല്ലാവരും അതു ചെയ്യുന്നുണ്ടല്ലൊ!" എന്ന മുറവിളി നമുക്ക് ഇന്നും കേൾക്കാം. ആ രണ്ട് വഴികളെ കുറിച്ച് സമയാസമയങ്ങളിൽ ഓർക്കുന്നത് നന്നായിരിക്കും – ജനക്കൂട്ടം എപ്പോഴും "നാശത്തിലേക്കുള്ള" വിശാലമായ വഴിയിലായിരിക്കും, എന്നാൽ ഇടുക്കമുള്ള "ജീവങ്കലേക്കുള്ള" വഴിയിൽ കൂടെ പോകുന്നവർ ചുരുക്കമായിരിക്കും (മത്തായി 7:13, 14). "ബഹുജനത്തെ അനുസരിച്ചു നാം ദോഷം ചെയ്യരുത്" എന്ന പുറപ്പാട് 23:2 ബൈബിളിൽ നാം അടയാളപ്പെടുത്തണം.

"കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ" (13:9).

## പാഠം അഞ്ച്: പിശാചിന് പരിമിതിയുണ്ട് (13:5, 7)

ഇതുവരെ നാം മനസിലാക്കിയ സത്യങ്ങൾ നമ്മെ വേദനിപ്പിക്കുന്നതാണ്. പക്ഷെ എന്തെല്ലാം സംഭവിച്ചാലും ദൈവം എല്ലാം നിയന്ത്രിക്കുമെന്ന നമ്മുടെ വേദഭാഗ *സൂചന* നാം മറക്കരുത്. സൂചന നൽകുന്ന ഒരു പ്രയോഗമാണ്, "അത് അവന് ലഭിച്ചു." അല്ലെങ്കിൽ അതിന് തുല്യമായതാണ്: "വായ് അതിനു ലഭിച്ചു" (വാ. 5); "... അധികാരവും ... അവന്നു ലഭിച്ചു" (വാ. 5); "യുദ്ധം ചെയ്യുവാനുള്ള അധികാരവും ലഭിച്ചു" (വാ. 7). ആർക്കെങ്കിലും എന്തെങ്കിലും അധികാരം ഉണ്ടെങ്കിൽ – ദൈവത്തിന്റെ ശത്രുവിനാണെങ്കിലും – അത് ദൈവം അനുവദിക്കുന്നതാണെന്ന്, നാം നമ്മുടെ പരമ്പരയിൽ, മുൻപ് പറഞ്ഞുവല്ലൊ.[38]

"നാൽപത്തി-രണ്ട് മാസം" എന്നതാണ് മറ്റൊരു സൂചന (വാ. 5). ഈ ആലങ്കാരിക സംഖ്യയുടെ വിവിധ രൂപങ്ങൾ നാം അദ്ധ്യായം 11 ന്റെ ആരംഭത്തിൽ കാണുകയുണ്ടായി (അത് പുസ്തകത്തിൽ അവസാനമായി വരുന്നത് 13:5 ലാണ്). അതിന്റെ അർത്ഥം നിങ്ങൾ ഇപ്പോൾ മനപ്പാഠമാക്കി കാണും: ഇത് മറ്റൊരു രീതിയിൽ പറയുന്നതാണ് "$3^1/2$" വർഷം, "$3^1/2$" എന്ന സംഖ്യ അർത്ഥമാക്കുന്നത്, പരീക്ഷണങ്ങളും ഉപദ്രവങ്ങളുമാണ് – ഒരു നല്ല നാളേക്കുള്ള പ്രത്യാശയും നൽകുന്നു. ആ അലങ്കാരം മൃഗവുമായി താരതമ്യപ്പെടുത്തിയാൽ ദൈവം അവനെ അതിന് അനുവദിച്ചതായി പ്രഖ്യാപിക്കുന്നു – പക്ഷെ പരിമിതമായ രീതിയിലും പരിമിതമായ സമയത്തുമായിരിക്കും. റോം ശക്തിയുള്ളതായിരുന്നേക്കാം, എന്നാൽ "ദേശങ്ങളെ വാഴുന്നത് ദൈവമാണ്"; "തന്റെ വിശുദ്ധ സിംഹാസനത്തിൽ ഇരിക്കുന്നതും" ദൈവമാണ് (സങ്കീർത്തനങ്ങൾ 47:8).

"കേൾപ്പാൻ, ചെവിയുള്ളവൻ കേൾക്കട്ടെ" (13:9).

**പാഠം ആറ്: അവസാനം പിശാച് പരാജയപ്പെടും (13:9, 10)**

വാക്യങ്ങൾ 1 മുതൽ 8 വരെ നാം മുൻപോട്ടും പുറകോട്ടുമായി നോക്കുകയായിരുന്നു, അവസാനം നാം വാക്യം 9-ൽ എത്തിയിരിക്കുന്നു: "കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ." അതിൽ നമുക്കായി കർത്താവിന്റെ എന്തു പ്രത്യേക സന്ദേശമാണുള്ളത്? വാക്യം 10 ശ്രദ്ധിച്ചു നോക്കുക: "അടിമയായി കൊണ്ടു പോകുന്നവൻ അടിമയായിപോകും; വാൾകൊണ്ട് കൊല്ലുന്നവൻ വാളാൽ മരിക്കേണ്ടി വരും; ഇവിടെ വിശുദ്ധന്മാരുടെ സഹിഷ്ണുതയും വിശ്വാസവും കൊണ്ട് ആവശ്യം."

വാക്യം 10 ന്റെ ആരംഭം യിരെമ്യാവ് 15:2 ആണ് പ്രതിഫലിപ്പിക്കുന്നത് (യിരെമ്യാവ് 43:11 നോക്കുക), എന്നാൽ മത്തായി 26:52-ൽ, യേശു പത്രൊസിനോട് പറഞ്ഞ വാക്കുകളാണ് "വാൾ" നമ്മെ ഓർപ്പിക്കുന്നത്. ഈ വേദഭാഗത്തിന് സാധ്യതയുള്ള പല വ്യാഖ്യാനങ്ങളുണ്ട്.[39] (1) രണ്ടു വാക്യങ്ങളിലും "ആരെങ്കിലും" എന്നത് ക്രിസ്ത്യാനികളെ ഉദ്ദേശിച്ചാണ് പറയുന്നത്. ആ വ്യാഖ്യാനം ശരിയാണെങ്കിൽ, കർത്താവ് ക്രിസ്ത്യാനികളോട് പറയുന്നത്, ഭാവിയിൽ അവർക്ക് വരുവാനുള്ളതിൽനിന്നു പിൻവാങ്ങുവാനാണ്,[40] അല്ലാതെ തങ്ങൾക്ക് നേരിടുന്ന ഉപദ്രവങ്ങളെ പ്രതിരോധിക്കുവാനല്ല.[41] (2) രണ്ടു വാക്യങ്ങളിലേയും "ആരെങ്കിലും" എന്നത് അവരെ ഉപദ്രവിക്കുന്നവരാണ്. അതങ്ങനെയാണെങ്കിൽ, തങ്ങളുടെ ശത്രുക്കളെ ശിക്ഷിച്ച് നീതി നടപ്പാക്കുമെന്നാണ് ക്രിസ്ത്യാനികളോട് ആ വേദഭാഗം പറയുന്നത്. (3) ആദ്യത്തെ "ആരെങ്കിലും" എന്നു പറയുന്നത് ക്രിസ്ത്യാനികളേയും, രണ്ടാമത്തെ "ആരെങ്കിലും" എന്നു പറയുന്നത് അവരെ ദണ്ഡിപ്പിക്കുന്നവരുമാണ്. ഇത് രണ്ട് ചിന്തകളെ യോജിപ്പിക്കുന്നതാണ്: കഷ്ടത ഏൽപാനായി ഒരുങ്ങിക്കൊൾവാൻ യോഹന്നാന്റെ വായനക്കാരോട് പറയുന്നു, ശേഷമുള്ളവരോട്, അവർ ചെയ്തത് ഒടുവിൽ അവർക്ക് തിരിച്ചുകിട്ടും എന്നാണ്.

ആ വ്യാഖ്യാനങ്ങളെല്ലാം തൊട്ടുള്ള സന്ദർഭത്തോടും വെളിപ്പാടിന്റെ മൊത്തത്തിലുള്ള ഉദ്ദേശത്തോടും യോജിക്കുന്നതാണ്. വാക്യം 10-ൽ പറയുന്ന ഒരു കാര്യം അല്ലെങ്കിൽ രണ്ട് കാര്യവും, പീഢിപ്പിക്കപ്പെട്ടവരെ ബാധിക്കുന്നതാണ് എന്ന് ഞാൻ വിശ്വസിക്കുന്നു: (1) ഇതേ വാക്കുകൾ യിരെമ്യാവ് പറഞ്ഞപ്പോൾ, അവൻ ഉദ്ദേശിച്ചത് ദൈവത്തോട് മൽസരിച്ചവരെയാണ്. അതിനാൽ റോബർട്ട് മുതോളന്റ് ചോദിച്ചു, "മൽസരികൾക്ക് ... ഉപയോഗിച്ച വാക്ക് എങ്ങനെ വിശുദ്ധന്മാർക്ക് ഉപയോഗിക്കുവാൻ കഴിയും?"[42] (2) "വാൾ" എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് അർത്ഥമാക്കുന്നത് റോമൻ സൈന്യം ഉപയോഗിച്ചിരുന്ന വാളുമായി അടുത്ത് നിൽക്കുന്ന പദമാണ്, ആ വാളാണ് അദ്ധ്യായം 6 ലെ രണ്ടാമത്തെ കുതിരക്കാരന് ലഭിച്ചത്.[43] (3) അടുത്ത അദ്ധ്യായത്തിൽ, അവരുടെ ശത്രുക്കളെ ശിക്ഷിക്കുമെന്നുള്ളതുകൊണ്ട് "വിശുദ്ധന്മാർക്ക് സഹിഷ്ണുതയാണ് ആവശ്യം" (14:11, 12). (4) ഇത് വായനക്കാർക്ക് വലിയ ആശ്വാസം ലഭിക്കുമെന്ന് (ഞാൻ വിശ്വസിക്കുന്നു). *എങ്ങനെയായാലും, ക്രിസ്ത്യാനികൾ "സ്ഥൈര്യവും വിശ്വസ്തതയുമുള്ളവരായി"*[44] *നിലനിന്നാൽ, തിന്മയുടെ ശക്തിക്ക് അവരെ ജയിക്കുവാൻ സാധ്യമല്ല*, എന്നതാണ് ആ വാക്കുകളുടെ ധ്വനി.

"ഇവിടെ വിശുദ്ധന്മാർക്ക് വിശ്വസ്തതയും സഹിഷ്ണുതയും ആണ്

ആവശ്യം" എന്ന വാക്കുകളിൽ വാക്യം 10 ന്റെ അടിസ്ഥാന സന്ദേശം കാണാം. ക്രിസ്ത്യാനികൾക്ക് തങ്ങളുടെ ജീവിതവും വിശ്വാസവും നിലനിർത്തിക്കൊണ്ടു പോകുവാൻ ഉത്തേജിപ്പിക്കുന്നതാണ് വേദഭാഗം. സിമ്പിൾ ഇംഗ്ലീഷ് ബൈബിളിൽ, "ഇതിനർത്ഥം വിശുദ്ധരായ ആളുകൾ സഹിഷ്ണുതയും വിശ്വസ്തതയും ഉള്ളവരായിരിക്കണം എന്നാണ്." മൃഗത്തെ അനുഗമിക്കുവാൻ സഹിഷ്ണുത ആവശ്യമില്ലായിരുന്നു, എന്നാൽ ക്രിസ്തുവിനെ അനുഗമിക്കുവാൻ അത് ആവശ്യമാണ്.

"കേൾപ്പാൻ, ചെവിയുള്ളവൻ കേൾക്കട്ടെ" (വാ. 9).

**ഉപസംഹാരം**

മുൻപ് ഞാൻ വാക്യം 8 പ്രതിപാദിച്ചപ്പോൾ, വാക്യം മുഴുവനും ഉദ്ധരിച്ചിരുന്നില്ല. മുഴുവൻ വാക്യവും നാം ഇങ്ങനെ വായിക്കുന്നു, "ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേർ എഴുതിയിട്ടില്ലാത്ത ഭൂവാസികൾ ഒക്കെയും അതിനെ നമസ്ക്കരിക്കും." സർദ്ദിസിലെ സഭയ്ക്ക് എഴുതിയ ലേഖനത്തെ കുറിച്ച് പഠിച്ചപ്പോൾ, നാം "ജീവപുസ്തകത്തെ" കുറിച്ച് കണ്ടു (3:5); വിശ്വസ്തരായവരുടെ രേഖയാണ് അത് (20:15 നോക്കുക).[45] ദൈവം അവരെ മറക്കുകയില്ല എന്ന ഉറപ്പാണ് കഷ്ടപ്പെട്ടിരുന്ന ക്രിസ്ത്യാനികൾക്ക് ദൈവം നൽകിയത്!

മൂല ഗ്രന്ഥത്തിൽ, "ലോകസ്ഥാപനം മുതൽ" എന്ന പ്രയോഗത്തെ പരിഷ്ക്കരിച്ച് ഒന്നുകിൽ, "പേർ എഴുതിയിട്ടില്ലാത്ത ഏവരും" എന്നാക്കാം അല്ലെങ്കിൽ "കുഞ്ഞാട് അറുക്കപ്പെട്ടു"[46] എന്നാക്കാം. രണ്ട് വിധത്തിലായാലും, മനുഷ്യരെ വീണ്ടെടുക്കുന്ന ദൈവത്തിന്റെ പദ്ധതി രണ്ടാമത് ഉദിച്ച ചിന്തയല്ല; മറിച്ച്, അത് "ദൈവത്തിന്റെ മഹത്തായ മുൻചിന്തയായിരുന്നു."[47] മനുഷ്യനെ അവൻ ഭൂമിയിലാക്കുന്നതിനുമുൻപ് തന്നെ ഈ ചിന്ത അവന്റെ മനസിലുണ്ടായിരുന്നു.[48]

ഓരോ ക്രിസ്ത്യാനിയേയും പ്രത്യേകതയുള്ളവനാക്കുന്നതാണ് വാക്യം 8 ലെ വാക്കുകൾ, എന്നാൽ ഒരു പ്രധാനപ്പെട്ട ചിന്ത നൽകുവാനാണ് ഞാൻ ആ വാക്യം ഉപയോഗിക്കുന്നത്. ഭൂമിയിൽ രണ്ട് തരം ആളുകളാണുള്ളത്: ജീവപുസ്തകത്തിൽ പേർ എഴുതപ്പെട്ടവരും, ജീവപുസ്തകത്തിൽ പേർ എഴുതപ്പെടാത്തവരും.[49] ലോകത്തിൽ ബഹുവിധമായ തരംതിരിവുണ്ട് – ദേശീയവും, വർഗീയവും, സാമൂഹ്യവും, സാമ്പത്തികവുമെന്ന നിലയിൽ നിരവധിയാണ് – എന്നാൽ അവസാനം, ഒരാളുടെ പേർ ജീവപുസ്തകത്തിൽ എഴുതിയോ ഇല്ലയോ എന്നതാണ് പ്രസക്തം.

നിങ്ങളുടെ പേർ സ്വർഗത്തിൽ എഴുതിയിരിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് ജീവിതത്തിലെ ഏറ്റവും മോശമായ സാഹചര്യവും തരണം ചെയ്യുവാൻ കഴിയും. പിശാചിന്നും അവന്റെ ദൂതന്മാർക്കും നിങ്ങളെ ഉപദ്രവിക്കുവാൻ കഴിയും – ചിലപ്പോൾ നിങ്ങളെ കൊന്നെന്നും വരാം – പക്ഷെ നിങ്ങൾക്ക് സ്വർഗത്തിൽ തേജസേറിയ ഒരു ഭവനമുണ്ട്. നിങ്ങളുടെ പേർ ജീവപുസ്തകത്തിൽ എഴുതിയി*ട്ടില്ലെ*ങ്കിൽ, ഈ ലോകത്തിലെ താൽക്കാലിക ഭോഗസുഖങ്ങൾക്ക് ശേഷം നിത്യമായ ദുഃഖവും വേദനയും ആയിരിക്കും ഫലം. എന്റെ പേർ എഴുതപ്പെട്ടില്ല എന്ന് എനിക്ക് ബോധ്യമുണ്ടെങ്കിൽ, എന്റെ ആത്മാവിന്റെ ആവശ്യം നിറവേറ്റുവാൻ, ഞാൻ മടിക്കുകയില്ല[50] "പോയി അങ്ങനെ തന്നെ ചെയ്യുക" (ലൂക്കൊസ് 10:37).


## പ്രാസംഗികർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

ഈ പാഠത്തിൽ, വാക്യങ്ങൾ ഓരോന്നായി എടുക്കുന്നതിനുപകരം, വേദ ഭാഗത്തുനിന്നുള്ള മുഖ്യപാഠങ്ങളാണ് ഞാൻ എടുത്തിരിക്കുന്നത്. രണ്ട് കാരണങ്ങൾ നിമിത്തമാണ് ഞാൻ അങ്ങനെ ചെയ്തത്. ഒന്ന്, വിശദാംശങ്ങൾ ചർച്ച ചെയ്തു മുഖ്യ പോയിന്റുകൾ അവഗണിക്കപ്പെടുവാനിടയുള്ളതാണ് വെളിപ്പാട് 13:1–10. അത് ഒഴിവാക്കുവാനായി ഞാൻ പല മുഖ്യപോയിന്റുകൾക്കും ഊന്നൽ കൊടുക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എപ്പോഴും ഒരുവിധത്തിൽ തന്നെ ചെയ്യുവാൻ എനിക്ക് ഇഷ്ടമല്ല. വൈവിധ്യമാണ് എനിക്ക് ഇഷ്ടം. നിങ്ങൾക്ക് ഓരോ വാക്യമായി പഠിപ്പിക്കുവാൻ ഇഷ്ടമാണെങ്കിൽ, വാരെൻ വിയേഴ്സ്ബേയുടെ പിരിവുകൾ നിങ്ങൾക്ക് ഉപയോഗിക്കാം: (1) വണ്ടർ (വാ. 3); (2) വർഷിപ് (വാ. 4); (3) വേർഡ്സ് (വാ. 5, 6); (4) വാർ (വാ. 7–10).[51] ചാൾസ് റിയറി ഈ പ്രധാനപ്പെട്ട വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു: (1) അപ്പിയറൻസ് (വാ. 1, 2); (2) അക്ലെയിം (വാ. 3, 4); (3) ആക്റ്റിവിറ്റി (വാ. 5–7); (4) അതോറിറ്റി (വാ. 7–10).[52]

ഒരു ക്ലാസിൽ പഠിപ്പിക്കുകയാണെങ്കിൽ, അദ്ധ്യായം 13 ലെ യോഹന്നാന്റെ കാലത്തെ ക്രിസ്ത്യാനികൾക്കുള്ള അർത്ഥം ചുരുക്കി ഒരു ചാർട്ട് ആയി അവതരിപ്പിക്കും – അദ്ധ്യായത്തിൽ നമുക്ക് ഇന്നുള്ള പ്രാധാന്യവും കാണിക്കും. നിങ്ങൾക്ക് അത് ഇഷ്ടമാണെങ്കിൽ "രണ്ട് മൃഗങ്ങൾ" (ഒന്ന് ഇതുപോലെ) ഈ പാഠത്തിലും മറ്റൊന്ന് അടുത്ത പാഠത്തിലും തുടരാവുന്നതാണ്.

ആ ദർശനം ഒരു സ്കെച്ച് ആയി പഠിപ്പിക്കുകയാണെങ്കിൽ, താഴെ കൊടുത്തിരിക്കുന്ന സ്കെച്ച് നിങ്ങൾക്ക് എടുക്കാം. ആസ്ട്രേലിയയിലെ, സിഡ്ണിയിലുള്ള മെക്വയർ സ്ക്കൂൾ ഓഫ് പ്രീച്ചിങ്ങിലെ എന്റെ വിദ്യാർത്ഥികളിൽ ഒരാൾ വരച്ചതാണ് ഈ സ്കെച്ച്. ആ മൃഗത്തിന് ഏഴ് തലകളാണുള്ളത്, പക്ഷെ വായ് ഒന്നുമാത്രമാണ് എന്നത് ശ്രദ്ധിക്കുക (13:2, 5, 6; 16:13).

അദ്ധ്യായം 13 ലെ തന്റെ പാഠത്തിന് ജോൺ സ്റ്റെയിസി വിളിച്ചത് "ഈവിൾ ട്രിനിറ്റി" എന്നാണ്. ഡി. ടി. നൈൽസ് തന്റെ പാഠത്തെ "ദ ഡെവിശ്സ് ബാറ്റിൽ പ്ലാൻ" എന്നാണ്. അദ്ധ്യായത്തിനു സാധ്യതയുള്ള മറ്റു തലവാചകങ്ങൾ, "ദ ഡെവിൾസ് അലൈസ്," "ദ ഡെവിൾസ് റൈറ്റ് ഹാന്റ് മെൻ," "സാറ്റൻസ് സൈഡ്-കിക്ക്സ്."



ഏ. ഡി. 68-ൽ നീറോ മരിച്ചശേഷം, മൃതശരീരം ഔദ്യോഗിക ബഹുമതികളോടെ സംസ്ക്കരിച്ചു, എന്നാൽ പലർക്കും റീറോ മരിച്ചുപോയെന്ന് വിശ്വസിക്കുവാൻ പ്രയാസം നേരിട്ടു.[53] അയാൾ പർത്ഥരുടെ ഇടയിലേക്ക് പോയിരിക്കുന്നു എന്നും അധികം താമസിക്കാതെ പർത്ഥരുടെ സൈന്യാധിപനായി വന്നു റോമാക്കാരെ നശിപ്പിക്കുമെന്ന കെട്ടുകഥ പ്രചരിച്ചു. അവൻ മരിച്ചവരിൽനിന്നു ഉയർത്തെഴുന്നേൽക്കുമെന്നും ചിലർ വിശ്വസിച്ചിരുന്നു. നീറോ ആണെന്നു പറഞ്ഞു മൂന്നുപേർ വേഷം മാറി വന്നതായി റോമാ ചരിത്രകാരൻ ടാക്റ്റിക്കസ് പറഞ്ഞിരിക്കുന്നു.

| രണ്ട് മൃഗങ്ങൾ (സർപ്പത്തിന്റെ കൂട്ടുകാർ) | | | |
|---|---|---|---|
| *കൂട്ടുകാർ* | *അവരുടെ സ്വാധീന വഴികൾ* | *യോഹന്നാന്റെകാലത്ത് പ്രത്യേകപ്രാധാന്യം* | *ഏതുകാലത്തും പ്രായോഗികത* |
| ആദ്യം മൃഗം കടൽജന്തു "മൃഗം" | ശക്തിയും സമ്മർദ്ദവും ("ക്രിസ്ത്യാനിക്കെതിരെ രാഷ്ട്രീയ ശക്തി") | റോമാ സാമ്രാജ്യം തലവനായി ചക്രവർത്തി ചക്രവർത്തി | ഭീഷണി ഉപദ്രവ വും സമ്മർദ്ദവും |
| രണ്ടാമത്തെ മൃഗം കരജന്തു "കള്ളപ്രവാ ചകൻ" | ദുരുപദേശവും സൂത്രവും ("ക്രിസ്ത്യാനിക്കെ തിരെയുള്ള മതം") | ദ കൺസിലിയ ഏജൻസിമുഖേന ചക്രവർത്തിയാരാധന | വഞ്ചന ദുരുപദേശങ്ങ ളും തത്വജ്ഞാനവും |

ആ കെട്ടുകഥക്ക് യെഹൂദന്മാർക്കിടയിലും അൽപം പ്രചാരം ലഭിച്ചിരുന്നു, യെരുശലേമിന്റെ വീഴ്ച്ച നിമിത്തം റോമിനെ ശിക്ഷിക്കുവാനാണ് നീറോ വരുന്നതെന്ന ചിന്താഗതി അവർക്കുണ്ടായിരുന്നു. ആ കെട്ടുകഥ അറിഞ്ഞ ക്രിസ്തീയ എഴുത്തുകാരനായ ക്രിസോസ്റ്റം അതിനെ പരിഹസിക്കയുണ്ടായി.

ആ കെട്ടുകഥ വെളിപ്പാടിലെ ഭാവനയെ സ്വാധീനിച്ചാലും ഇല്ലെങ്കിലും, അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ കെട്ടുകഥ വാസ്തവമാണെന്ന് യോഹന്നാൻ വിശ്വസിച്ചില്ല. ആ അലങ്കാരം വ്യക്തമാക്കുന്നത് ഒരുപക്ഷെ നീറോയുടെ ഉപദ്രവം മറ്റൊരു തലവനിൽകൂടെയോ ചക്രവർത്തിയിൽകൂടെയോ വരുമെന്നായിരിക്കാം - ഡൊമിഷ്യന്റെ കീഴിലേതുപോലെ. അതുകൊണ്ട്, മറ്റൊരു ക്രിസ്തീയ എഴുത്തുകാരനായിരുന്ന തെർത്തുല്യൻ എഴുതി, "നിങ്ങളുടെ ചരിത്രത്തോട് ചോദിക്കുക; ചക്രവർത്തിയുടെ വാൾമുന ക്രിസ്ത്യാനികൾക്ക് നേരെ തിരിഞ്ഞ ആദ്യ ചക്രവർത്തിയായിരുന്നു നീറോ എന്നു കാണാം ... ഡൊമിഷ്യനും, കൂടെ, ക്രൂരത്വത്തിന്റെ കാര്യത്തിൽ നീറോയുടെ പതിപ്പായിരുന്നു" (അപോളജി 5).

---

കുറിപ്പുകൾ

[1]"മൂന്ന് ആറുകളിൽ" അടിസ്ഥാനപരമായി എഴുത്ത്, വായന, കണക്ക് (ഹാസ്യാത്മകമായി പറയും "റീഡിങ്, 'റൈറ്റിങ്,' റിത്മാറ്റിക്"). [2]ഉൽപത്തി 3-ൽ പാമ്പ് മുഖേനയാണ് അവൻ തന്റെ ഉദ്ദേശം നടപ്പാക്കിയത്. വെളിപ്പാട് 13-ൽ അത് നടപ്പാക്കിയത് മനുഷ്യരിൽകൂടെയാണ്. [3]ചില കയ്യെഴുത്തുപ്രതികളിൽ "ഐ" എന്നാണ് (കെജെവി നോക്കുക), എന്നാൽ കയ്യെഴുത്തുപ്രതികളുടെ തെളിവുകൾ അനുകൂലിക്കുന്നത് "അവൻ" എന്നതിനോടാണ്. അതുകൊണ്ട് ചില ആധുനിക എഴുത്തുകാർ ആ വാചകം അദ്ധ്യായം 12 ന്റെ അവസാനമാണ് കൊടുത്തിരിക്കുന്നത്. ചിലർ അതിനെ അദ്ധ്യായം 12 ന്റെ വാക്യം 18 ആക്കി

ത്തീർത്തിരിക്കുന്നു. സർപ്പത്തെ കടൽക്കരയിൽ കാണുന്നത് കൂടുതൽ നാടകീയമായി തോന്നിയേക്കാം (ഒരുപക്ഷെ വിളിച്ചതാകാം), അവിടെ കൂട്ടുകാർക്കായി കാത്തിരുന്നു, പക്ഷെ വിശദാംശങ്ങൾക്ക് വലിയ പ്രാധാന്യമില്ലാത്തതിൽ ഒന്നാണത്. [4]മയർ പേൾമാൻ, *വിൻഡോസ് ഇൻടു ദ ഫ്യൂച്ചർ: ഡിവോഷ്ണൽ സ്റ്റഡീസ് ഇൻ ദ ബുക്ക് ഓഫ് റെവലേഷൻ* (സ്പ്രിങ്ഫീൽഡ്, മോ.: ദ ഗോസ്പൽ പബ്ലിഷിങ്ങ് ഹൗസ്, 1941), 111. ഈ വിവരണത്തെ ദാനിയേൽ 7:2 ലെ "മഹാ സമുദ്രവു" മായി താരതമ്യം ചെയ്യുക. [5]*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ "പാപത്തിന്റെ സ്വയ-നശീകരണ സ്വഭാവം" എന്ന പാഠത്തിലെ "അഗാധത്തിൽനിന്ന്" എന്നത് ചർച്ച ചെയ്തിരിക്കുന്നത് നോക്കുക. [6]മേരി ഷെല്ലിയുടെ പ്രസിദ്ധ ശാസ്ത്രീയ കെട്ടുകഥ/ഭീതിജനകമായ നോവൽ, *ഫ്രെങ്കെന്സ്റ്റെയിൻ* (1818). മൃതശരീരഭാഗങ്ങളിൽനിന്നു സൃഷ്ടിച്ചെടുക്കുന്ന ഒരു ജന്തുവായ താതെയെ കുറിച്ചു പറയുന്നു (1818). മനുഷ്യരെപോലെയുള്ള ഒരു ജന്തുവിനെയാണ് ഡോക്ടർ.ഫ്രാങ്കെസ്റ്റെയിൻ മൃതശരീര ഭാഗങ്ങളിൽനിന്ന് രൂപപ്പെടുത്തിയതായി അവകാശപ്പെടുന്നത്. [7]ദാനിയേലിന്റെ പുസ്തകത്തിൽ പറയുന്ന മൃഗങ്ങളായ സിംഹത്തിനും, കരടിക്കും മറ്റു ഭയങ്കര ജന്തുവിനും ഓരോ തലയായിരുന്നു ഉണ്ടായിരുന്നത് എന്നു പറയുന്നതായിരിക്കും സുരക്ഷിതത്വം. [8]ദാനിയേലിന്റെ പുസ്തകത്തിലെ നാല് മൃഗങ്ങൾക്ക് *മൊത്തം* ഏഴ് തലകളാണുണ്ടായിരുന്നത്. [9]കഴിഞ്ഞ പുസ്തകത്തിൽ, കടൽ ജന്തു "എതിർ ക്രിസ്തു" *അല്ല* എന്നു നാം തീർച്ചയാക്കി. (*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ "എതിർ ക്രിസ്തുവും വെളിപ്പാടും" എന്ന പാഠം നോക്കുക.) ഈ പാഠത്തിൽ അവൻ ഉണ്ടായിരുന്നവനും ഉള്ളവനുമായി നാം കാണ*ും.* [10]ദാനിയേൽ 7 ന്റെ വിശദീകരണങ്ങൾ നോക്കുവാൻ സമയവും സ്ഥലവും നമ്മെ അനുവദിക്കുന്നില്ല, പക്ഷെ ചില കുറിപ്പുകൾ നൽകേണ്ടത് ആവശ്യമാണ്: (1) സിംഹത്തെ കുറിച്ചുള്ള വിശദീകരണത്തിന്, ദാനിയേൽ 4:33-36 പരിശോധിക്കുക. (2) കരടി "ഒരു വശത്തുനിന്നാണ് എഴുന്നേറ്റത്" (ദാനിയേൽ 7:5) കാരണം സാമ്രാജ്യത്തിന്റെ ഒരു ഭാഗം കേന്ദ്രീകരിച്ചിരുന്നതു (പാർസികളിലായിരുന്നു), (3) പുള്ളിപ്പുലിക്ക് നാല് തലകളാണുണ്ടായിരുന്നത്, കാരണം മഹാനായ അലക്സാണ്ടർ ചക്രവർത്തി മരിച്ചപ്പോൾ സാമ്രാജ്യം നാലായി ഭാഗിക്കപ്പെട്ടു.

[11]*പ്രവൃത്തികൾ, 1* എന്ന പുസ്തകത്തിലെ "രാജ്യം/സഭയുടെ സ്ഥാപനം" എന്ന അനുബന്ധ ലേഖനം നോക്കുക. "ബർന്നബാസിന്റെ [ദൈവശ്വാസിയമല്ലാത്ത] ലേഖനത്തിൽനിന്നും, ലൂക്കൊസ് 21:20 ലെ യേശുവിന്റെ ഭാഷയിൽനിന്നും ദാനിയേലിന്റെ പുസ്തകത്തിലെ നാലാമത്തെ രാജ്യം റോമാ സാമ്രാജ്യമാണെന്ന് ആദ്യക്രിസ്ത്യാനികൾ തിരിച്ചറിഞ്ഞു എന്ന് ആർ. എച്ച്. ചാൾസ് ... പറഞ്ഞു" (ഹുഗോ മെക്കോർഡ്, *ദ റോയൽ റൂട്ട് ഓഫ് റെവലേഷൻ* [നാഷ്വിലേ: 20 ത് സെഞ്ചുറി ക്രിസ്ത്യൻ, 1976], 39). ദൈവശ്വാസിയമായ വായ്മൊഴിയിൽ വിശ്വസിക്കാത്തവർ നിലവിലില്ലാത്ത രാജ്യത്തെ കുറിച്ച് മുന്നറിയിക്കുവാൻ ദാനിയേലിനു കഴിയുകയില്ല എന്ന കാരണത്താൽ, ദാനിയേൽ പറഞ്ഞ നാലാമത്തെ രാജ്യം. റോമാ സാമ്രാജ്യമാണെന്ന് അവർ വിശ്വസിക്കുന്നില്ല. ബൈബിൾ ദൈവശ്വാസിയമായി എഴുതപ്പെട്ടതാണെന്ന് വിശ്വസിക്കുന്നവർക്ക് അത് വിശ്വസിക്കുവാൻ പ്രയാസമില്ല. [12]എഡി ക്ലോയർ, അൺപബ്ലിഷ്ഡ് ലെക്ചർ നോട്ട്സ് ഓൺ റെവലേഷൻ, എൻ. ഡി. [13]ജെയിംസ് എം. എഫേർഡ്, *റെവലേഷൻ ഫോർ ടുഡെ* (നാഷ്വിലേ.: അബിങ്ടൺ പ്രസ്, 1989), 89. [14]ആൽബർട്ട് എച്ച്. ബാൽഡിഞ്ചർ, *പ്രീച്ചിങ്ങ് ഫ്രം റെവലേഷൻ: ടൈമ്ലി മെസേജസ് ഫോർ ട്രബിൾഡ് ഹാർട്ട്സ്* (ഗ്രാൻഡ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1960), 67. [15]റോമാ സാമ്രാജ്യത്തെ സംബന്ധിച്ച് പുതിയനിയമ എഴുത്തുകാർക്കിടയിൽ "മനസുമാറ്റമുണ്ടായിരുന്നു" എന്നാണ് ചില വ്യാഖ്യാതാക്കൾ കരുതുന്നത്. റോമാ ഗവൺമെന്റിനെ

ബഹുമാനിക്കുവാനാണ് ആദ്യ എഴുത്തുകാർ പഠിപ്പിച്ചിരുന്നത് എന്നാണ് അവർ പറയുന്നത് (റോമർ 13:1-7; 1 തിമൊഥെയൊസ് 2:1, 2; 1 പത്രൊസ് 2:13-17), എന്നാൽ റോമാ ഗവൺമെന്റ് ഉപദ്രവം ആരംഭിച്ചപ്പോൾ, "അവരുടെ മനസ് മാറ്റി" എന്നാണ് അവർ പറയുന്നത്. എന്നാൽ ബൈബിളിൽ "മനസ് മാറ്റത്തിന്" തെളിവൊന്നുമില്ല. പുതിയനിയമം ആരംഭം മുതൽ അവസാനം വരെ പഠിപ്പിക്കുന്നത് അധികാരികളെ ബഹുമാനിക്കണമെന്നാണ് (ഉദാഹരണമായി, റോമർ 13 നോക്കുക) എന്നാൽ ഒരു പോരാട്ടം ഉണ്ടായാൽ നാം "മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണം" എന്നാണ് തിരവെഴുത്ത് നമ്മെ പഠിപ്പിക്കുന്നത് (പ്രവൃത്തികൾ 5:29). [16]*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ, "നിങ്ങൾ മരിക്കുവാൻ ഒരുക്കമാണോ?" എന്ന പാഠത്തിൽ 11:7 നാം ചർച്ച ചെയ്തപ്പോൾ, "അഗാധത്തിൽനിന്ന് മൃഗം കയറി വന്നു" എന്ന പ്രയോഗം വർത്തമാനകാലത്തിലാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് നാം പറഞ്ഞത്, സൂചിപ്പിക്കുന്നത് മൃഗം അഗാധത്തിൽനിന്ന് *തുടർച്ചയായി* വന്നുകൊണ്ടിരിക്കുന്നു എന്നാണ്. ഇത് സൂചിപ്പിക്കുന്നത്, മൃഗം ആനുകാലികമായിട്ടാണ് കാണപ്പെടുന്നതെങ്കിലും (റോമാ സാമ്രാജ്യം), അതിൽ കൂടുതൽ അടങ്ങിയിരിക്കുന്നു. 13:1 ലും വർത്തമാനകാലമാണ് ഉപയോഗിച്ചിരിക്കുന്നത്, അവിടെ മൃഗം "സമുദ്രത്തിൽനിന്നു കയറി വരുന്നതായിട്ടാണ്" പറഞ്ഞിരിക്കുന്നത് സഭയെ നശിപ്പിക്കുവാൻ പിശാച് എപ്പോഴും എന്തെങ്കിലും ശക്തി ഉപയോഗിച്ചുകൊണ്ടിരിക്കും. [17]ഏഴ് തലകളുണ്ടായിരുന്നതുകൊണ്ട് സർപ്പത്തിന് *ഏഴ്* കിരീടങ്ങളുമുണ്ടായിരുന്നു (12:3). മൃഗത്തിന് പത്തു കൊമ്പുകളുണ്ടായിരുന്നതുകൊണ്ട് അതിന് പത്ത് കിരീടങ്ങളുണ്ടായിരുന്നു (13:1). സാത്താന്റെ തലയിലെ കിരീടങ്ങൾ വാസ്തവത്തിലുള്ള അധികാരത്തെ കാണിക്കുന്നു, എന്നാൽ മൃഗത്തിന്റെ കിരീടങ്ങൾ അനുമാനിക്കപ്പെട്ട അധികാരത്തെയുമാണ് സൂചിപ്പിക്കുന്നത് എന്നാണ് ചിലർ കരുതുന്നത്. [18]അദ്ധ്യായം 17 ലെ തലകളെയും കൊമ്പുകളെയും സംബന്ധിച്ച് വേറെയും അലങ്കാരപ്രാധാന്യം ഉണ്ട്, എന്നാൽ അദ്ധ്യായം 13-ൽ സർപ്പത്തെ പോലെയുള്ളതിനാണ് ഊന്നൽ കൊടുത്തിരിക്കുന്നത്. ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "വിശദീകരണം, ഊഹം, ദീപക്കാഴ്ച്ച" എന്ന പാഠത്തിൽ തലകളും കൊമ്പുകളും ചർച്ച ചെയ്തിരിക്കുന്നത് നോക്കുക. [19]കെജെവിയിൽ സീറ്റ് എന്നാണ്, എന്നാൽ ഗ്രീക്കിൽ *ത്രോണാസ്* എന്നതിന്റെ രൂപഭേദമാണ്. 2:13-ൽ "സാത്താന്റെ സിംഹാസനമുള്ള" സ്ഥലമായി പെർഗമൊസിനെ പറഞ്ഞിരുന്നു. ഇത് സാത്താന്റെ സ്വാധീനത്തെയാണ് സൂചിപ്പിക്കുന്നത് - വിവിധരൂപത്തിൽ പ്രകടമാക്കിയിരിക്കുന്നു. 13:2-ൽ "സിംഹാസനം" എന്നു പറഞ്ഞിരിക്കുന്നത് കൂടുതൽ മനസിലാകുന്ന വിധത്തിലാണ്, പൊതുവിൽ പാപമുള്ള ലോകത്തിൽ സാത്താന്റെ വാഴ്ച്ചയെ സൂചിപ്പിക്കുന്നു. [20]"ശക്തി," "സിംഹാസനം," "അധികാരം" എന്നീ വാക്കുകൾ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. അത് തെളിയിക്കുന്നത് "സർപ്പം മൃഗത്തിന് അധികാരം കൊടുത്തു" എന്നാണ് (വാ. 4).

[21]സാധാരണപോലെ, നാല് വിധത്തിലുള്ള ലിസ്റ്റ് അർത്ഥമാക്കുന്നത് "എല്ലാവരും" എന്നാണർത്ഥം. കെജെവിയിൽ മൂന്ന് ലിസ്റ്റ് മാത്രമാണുള്ളത്, എന്നാൽ കയ്യെഴുത്തുപ്രതികളും വെളിപ്പാടിലെ ശേഷം ഭാഗങ്ങളും അനുകൂലിക്കുന്നത് നാലെണ്ണത്തെയാണ്. [22]നാല് കാലുള്ള മൃഗങ്ങളിൽവെച്ച് ഏറ്റവും വേഗതയുള്ള മൃഗമായ ചീറ്റയുടെ അടുത്ത ബന്ധുവാണ് പുള്ളിപ്പുലി. [23]"മൃഗം" എന്നതിന് ഗ്രീക്കിൽ നിന്നു തർജിമ ചെയ്തിരിക്കുന്നതിനർത്ഥം "വന്യമൃഗം" എന്നാണ്. [24]അവന്റെ "തലകളിൽ ഒന്നു" അറുക്കപ്പെട്ടു എന്നാണ് വാക്യം 3 പറയുന്നത്, എന്നാൽ വാക്യം 12 ഉം 14 ഉം പറയുന്നത് മൃഗത്തിന് തന്നെയാണ് മുറിവേറ്റത് എന്നാണ്. അതുകൊണ്ട് മുറിവ് മൃഗത്തിന് മൊത്തത്തിലായിരുന്നു എന്നു പറയാം. [25]കയ്യെഴുത്തുപ്രതികൾ "തലകൾ" ആണോ (ബഹുവചനം) അതോ "തല" യാണോ (ഏകവചനം) എന്ന കാര്യത്തിൽ വിഭജിക്ക

പ്പെട്ടിരിക്കുന്നു. ആ പ്രശ്നം പരിഹരിക്കുവാനായി എൻഐവിയിൽ "ഓരോ തലയിലും ദൈവദൂഷണനാമം" ഉണ്ട് എന്നു കൊടുത്തിരിക്കുന്നു. [26]വില്യം ബാർക്ലേ, *ദ റെവലേഷൻ ഓഫ് ജോൺ*, വാല്യം. 2, റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1976), 89. പിന്നീട്, മൃഗത്തെ "ദൂഷണനാമങ്ങൾ *നിറഞ്ഞ*" എന്നാണ് വിളിച്ചത് (17:3; എംഫസിസ് മൈൻ). അത് വെളിവാക്കുന്നത് ചക്രവർത്തിമാരുടെ ദൂഷണനാമങ്ങൾ സാമ്രാജ്യത്തിലുള്ളവർ സ്വീകരിച്ചു എന്നാണ്. [27]"അത്" എന്നതു തർജിമക്കാർ ചേർത്തതാണ്, ചില തർജിമക്കാർ അതിനുപകരം "ഉം" എന്നാണ് ചേർത്ത്. [28]"കൂടാരം" എന്ന വാക്ക് തർജിമ ചെയ്യുവാൻ ഉപയോഗിച്ച അതേ വാക്ക് തന്നെയാണ് "വസിക്കുക" എന്നതിന് വാക്യം 6-ൽ ഉപയോഗിച്ചിരിക്കുന്നത്.എൻഐവി നോക്കുക. [29]"ദൈവത്തിന്റെ കൂടാരവും" "സ്വർഗത്തിൽ വസിക്കുന്നവരും" എന്നത് ഒരുപക്ഷെ സ്വർഗത്തെയും അവിടേക്ക് പോയിരിക്കുന്ന ക്രിസ്ത്യാനികളേയും (രക്തസാക്ഷികളായി തീർന്നവരാകാം) ഉദ്ദേശിച്ചത്. [30]"വിശുദ്ധന്മാർ" എന്നാൽ "വിശുദ്ധീകരിക്കപ്പെട്ടവർ എന്നർത്ഥം".

[31]നിങ്ങൾക്ക് വേണമെങ്കിൽ ആദ്യക്രിസ്ത്യാനികൾക്കുണ്ടായ ഉപദ്രവങ്ങൾ പറയാം. [32]പിശാച് നമ്മെ എങ്ങനെ ഭീഷണിപ്പെടുത്തുമെന്നതിന് നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുള്ള ഉദാഹരണങ്ങൾ പറയാവുന്നതാണ്. ഇത് നിങ്ങൾ ക്ലാസിലാണ് അവതരിപ്പിക്കുന്നതെങ്കിൽ, വിദ്യാർത്ഥികളോട് ഉദാഹരണങ്ങൾ ചോദിക്കാവുന്നതാണ്. [33]പ്രത്യേകമായി, ഡൊമിഷ്യൻ ആവശ്യപ്പെട്ട ചക്രവർത്തിയാരാധനയെ നാം ചർച്ച ചെയ്യും. [34]ബാർക്ലേ, 94. [35]ഈ ഘടന വേദഭാഗത്ത് പല പ്രാവശ്യം പറഞ്ഞിരിക്കുന്നു (13:12, 14) മൃഗത്തെ സംബന്ധിച്ച അത്ഭുതകരമായ ഒന്നായിട്ടാണ് ആളുകൾ ഇതിനെ കരുതുന്നത്. [36]ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "ദ നീറോ റെഡിവിവസിന്റെ ഇതിഹാസം" എന്ന അനുബന്ധലേഖനം നോക്കുക. [37]*അപോളജി* 5. ക്വോട്ടഡ് ജെ. ഡബ്ലിയു. റോബർട്ട്സ് *ഇൻ ദ റെവലേഷൻ ടു ജോൺ (ദ അപോകാലിപ്സ്)*. ദ ലിവിങ്ങ് വേഡ് കമെന്ററി സീരീസ് (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1974), 109. [38]"കൊടുത്തു" എന്നതു സർപ്പം അധികാരം മൃഗത്തിന് കൊടുത്തു എന്നാണെന്ന് വാദിച്ചേക്കാം (13:2, 4 ലേത്പോലെ) എന്നാൽ ഈ വസ്തുതകൾ പരിഗണിക്കുക: (1) വെളിപ്പാട് മുഴുവനും ദൈവത്തിന്റെ *പ്രവൃത്തികളെ* കുറിച്ചാണ് പറയുന്നത്. (2) പിശാചിനുള്ളത് എല്ലാം ദൈവം അനുവദിച്ചുകൊടുത്തതു മാത്രമാണ്. "ദൈവത്താലുള്ള അധികാരമല്ലാതെ ആർക്കും ഒരധികാരവുമില്ല ..." (റോമർ 13:1). [39]ആരംഭവേദഭാഗത്തിലെ കുഴപ്പിക്കുന്ന വ്യക്തതയില്ലായ്മ വ്യാഖ്യാതാക്കൾ പലരീതിയിൽ തർജിമ ചെയ്യുവാനിടയാക്കി. അത് കെജെവിയിൽ തർജിമ ചെയ്തിരിക്കുന്നത് ഉപദ്രവിക്കുന്നവരെ ബാധിക്കുന്ന വിധത്തിലാണ്, എൻഐവിയിൽ ഉപദ്രവിക്കപ്പെടുന്നവരെ ബാധിക്കുന്ന വിധത്തിലാണ്. [40]"... ദൈവ കൽപനയിൽനിന്ന് ആർക്കും ഒഴിഞ്ഞു മാറുവാൻ സാധ്യമല്ല" (ബാർക്ലേ, 97).


[41]"എതിരാളിയെ കൊല്ലുക എന്നതായിരുന്നു കടൽജന്തുവിന്റെ പ്രശ്നപരിഹാരം. നമ്മുടേത് അതല്ല." (യൂജിൻ എച്ച്. പീറ്റേഴ്സൺ, *റിവേഴ്സ്ഡ് തണ്ടർ* [സാൻഫ്രാൻസിസ്കോ: ഹാർപ്പർ കോളിൻസ് പബ്ലിഷേഴ്സ്, 1988], 125). [42]എം റോബർട്ട് മുതോളന്റ് ജൂനിയർ., *റെവലേഷൻ: ഹോളി ലിവിങ്ങ് ഇൻ ആൻ അൺഹോളി വേൾഡ്: റെവലേഷൻ*, ദ ഫ്രാൻസിസ് ആസ്ബറി പ്രസ് കമെന്ററി, ജെന. എഡി., എം. റോബർട്ട് മുതോളന്റ് ജൂനിയർ., (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഫ്രാൻസിസ് ആസ്ബറി പ്രസ്, സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1990), 227. [43]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "ഇടി മുഴക്കം" എന്ന പാഠത്തിലുള്ള 6:4 ലെ കുറിപ്പുകൾ നോക്കുക. [44]റ്റി. എഫ്. ഗ്ലാസൻ, *ദ റെവലേഷൻ ഓഫ് ജോൺ* ദ കെയിംബ്രിഡ്ജ് ബൈബി

ൾ കമെന്ററി ഓൺ ദ ന്യു ഇംഗ്ലീഷ് ബൈബിൾ സീരീസ് (കെയിംബ്രിഡ്ജ്, ഇംഗ്ലണ്ട്: കെയിംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്, 1965), 81. [45]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "ഭൂതകാലത്തിൽ ജീവിച്ച സഭ' " എന്ന പാഠം നോക്കുക. വെളിപ്പാടിൽ ജീവപുസ്തകത്തെ കുറിച്ചുള്ള മറ്റു വാക്യങ്ങളാണ്, 17:8; 20:12 ഉം 21:27 ഉം. [46]മൂലഗ്രന്ഥത്തിൽ ആ പ്രയോഗം കാണുന്നത് "കുഞ്ഞാട് അറുക്കപ്പെട്ടു" എന്നതിനുശേഷം, അവസാനമാണ് (കെജെവിയും എൻഐവിയും നോക്കുക). "എല്ലാവരേയും ... എഴുതി" എന്നതിന് ശേഷമാണ് എൻഏഎസ്ബിയിൽ ആ പ്രയോഗം തർജിമ ചെയ്തിരിക്കുന്നത് ... കാരണം അതുമായി ബന്ധപ്പെട്ട 17:8-ൽ പറയുന്നത് പേരെഴുതാത്തവരെ കുറിച്ചാണ്. എങ്ങനെയായാലും ആ രണ്ട് വേദഭാഗവും സമാന്തരമായി കാണേണ്ട ആവശ്യമില്ല. [47]ഓവെൻ എൽ. ക്രൗച്ച്, *എക്സ്പോസിറ്ററി പ്രീച്ചിങ്ങ് ആന്റ് ടീച്ചിങ്ങ്: റെവലേഷൻ* (ജോപ്ലിൻ, മോ.: കോളേജ് പ്രസ്, പബ്ലിഷിങ്ങ് കമ്പനി., 1985), 237. [48]മുൻ നിർണ്ണയം തെളിയിക്കുന്നതിനായിരുന്നു. വാക്യം 8 ഉപയോഗിച്ചിരുന്നത് (മനുഷ്യരെ ദൈവം സൃഷ്ടിക്കുന്നതിനു മുൻപ് തന്നെ ആരെയെല്ലാം രക്ഷിക്കുമെന്നും ആരെയെല്ലാം നഷ്ടപ്പെടുത്തുമെന്നും ദൈവം നിശ്ചയിച്ചിരുന്നു എന്നാണ് ആ ആശയം പറയുന്നത്). എന്നാൽ ബൈബിൾ പഠിപ്പിക്കുന്നത്: (1) ദൈവത്തിന് തന്റെ ഇഷ്ടപ്രകാരം ആരെ വേണമെങ്കിലും രക്ഷിക്കുകയും ശിക്ഷിക്കുകയും ചെയ്യാം. (2) ചില വ്യക്തികൾ (അനുസരിക്കുന്ന വിശ്വാസികൾ) രക്ഷിക്കപ്പെടുമെന്നും, മറ്റു ചില വ്യക്തികൾ (അവിശ്വാസികൾ) നഷ്ടപ്പെടുമെന്നും ദൈവം മുൻനിർണ്ണയിച്ചിരുന്നു. അതിനപ്പുറം പോയി രക്ഷിക്കപ്പെടുന്നതിനും നഷ്ടപ്പെടുന്നതിനും മനുഷ്യർക്ക് ഒരു പങ്കുമില്ല എന്നു പറയുന്നത് ബൈബിളിനു വിരുദ്ധമാണ്. യേശുവിനെ പിൻപറ്റണോ വേണ്ടയോ എന്ന്, ഓരോരുത്തരുമാണ് തീരുമാനിക്കേണ്ടത് എന്നാണ് ബൈബിൾ (വെളിപ്പാട് ഉൾപ്പെടെ) പഠിപ്പിക്കുന്നത്. [49]അവ രണ്ടും മറ്റൊരു വിധത്തിൽ പ്രകടിപ്പിക്കുന്നത് 13:6, 8-ൽ കാണാം. സ്വർഗീയ-വാസികളും (13:6) ഭൗമിക-വാസികളും (13:8) ഉണ്ട്. [50]നിങ്ങൾ ഇത് ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, സദസ്യരുടെ പേർ എഴുതപ്പെട്ടോ ഇല്ലയോ എന്ന് ഉറപ്പ് വരുത്തുക. അവർ സ്നാനപ്പെട്ടില്ലെങ്കിൽ, പ്രവൃത്തികൾ 2 ഓർപ്പിക്കുക, അവിടെ വിശ്വസിക്കയും സ്നാനം ഏൽക്കുകയും ചെയ്തു രക്ഷിക്കപ്പെട്ടവരെ കർത്താവ് സഭയോട് ചേർത്തിരുന്നു (വാ. 38, 41, 47). സഭ കർത്താവിന്റെ ശരീരമാകയാൽ, രക്ഷിക്കപ്പെട്ടവരുടെ എണ്ണത്തോട് ചേർക്കുമ്പോൾ, അവരുടെ പേർ എഴുതപ്പെടും. നിങ്ങളുടെ സദസിൽ, വചനപ്രകാരം സ്നാനമേറ്റിട്ട് അവിശ്വസ്തനായാൽ, ഒരാളുടെ പേർ ജീവപുസ്തകത്തിൽനിന്നു നീക്കം ചെയ്യുവാനും സാധ്യതയുണ്ടെന്ന് അവരെ ഓർപ്പിക്കയും (വെളിപ്പാട് 3:5; പുറപ്പാട് 32:32) യഥാസ്ഥാനപ്പെടുവാൻ ഉത്തേജിപ്പിക്കയും ചെയ്യുക (പ്രവൃത്തികൾ 8:22, 23; യാക്കൊബ് 5:16).

[51]വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം, 2 (വീറ്റൺ, Ill.: വിക്റ്റർ ബുക്സ്, 1989), 605. [52]ചാൾസ് ഗാൽഡ്വെൽ റിയറേ, *റെവലേഷൻ*, (ഷിക്കാഗോ: മൂഡി പ്രസ്, 1968), 82–84. [53]നീറോ മരിച്ചില്ല എന്നാണ് ചിലർ വിശ്വസിച്ചിരുന്നത്. അവൻ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേൽക്കുമെന്ന് വേറെ ചിലർ വിശ്വസിച്ചിരുന്നു.

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. അദ്ധ്യായം 13 ന്റെ പ്രാഥമികമായ ഉദ്ദേശം എന്ത്?
2. ക്രിസ്ത്യാനികൾക്ക് തങ്ങളുടെ കാഴ്ച്ചപ്പാട് ശരിയാക്കുവാൻ ദൈവം ഓരോ മൃഗത്തെയും പരിചയപ്പെടുത്തിയശേഷം പ്രത്യേക കുറിപ്പ് നൽകിയിരിക്കുന്നതായി പാഠം പറയുന്നു. അത്തരം കുറിപ്പു കളുള്ള രണ്ട് വാക്യങ്ങളെഴുതുക.
3. പിശാച് മാനുഷ ഏജന്റുകളിൽ കൂടെ പ്രവർത്തിക്കുന്നു എന്ന് പാഠം പ റയുന്നു. ഇന്നു സാത്താൻ മനുഷ്യരിൽകൂടെ പ്രവർത്തിക്കുന്നതിന് നി ങ്ങൾക്ക് ഉദാഹരണങ്ങൾ നൽകാമോ?
4. ദാനിയേൽ 7 ലെ നാല് മൃഗങ്ങളെ എടുത്ത്, അവ എങ്ങനെ 13-ൽ വിവ രിച്ച കടൽജന്തുവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു പറയുക.
5. യോഹന്നാന്റെ കാലത്തെ കടൽ ജന്തു റോമാ സാമ്രാജ്യമായിരുന്നു എന്ന് പാഠംപറയുന്നു. ഏതുവിധത്തിലാണ് കടൽ ജന്തു റോമാ സാമ്രാജ്യവു മായി ഒത്തിരിക്കുന്നത് (ഉദാഹരണത്തിന്, ശക്തി, സ്വാധീനം, ദൂഷണം)?
6. ഭീഷണിപ്പെടുത്തുവാൻ, കടൽ ജന്തുവിന് *ഏതു* ശക്തിക്കുവേ ണ്ടിയും നിൽക്കുവാൻ കഴിയുമെന്നും പാഠം പറഞ്ഞു. പിശാച് ഇന്നും തന്റെ ഉദ്ദേശം നടപ്പാക്കുവാൻ ഭീഷണി ഉയർത്തുമോ?
7. മാരകമായ മുറിവ് ഉണങ്ങി - എന്നതിനു സാധ്യതയുള്ള അർത്ഥ ങ്ങൾ പറയുക.
8. “ഭൂമി മുഴുവൻ” കടൽ ജന്തുവിനെ അനുഗമിച്ചോ? ജനക്കൂട്ടത്തിന് എതിരാകുക പ്രയാസമുള്ള കാര്യമാണോ?
9. കടൽ ജന്തുവിന്റെ ശക്തി ദൈവം അപ്പോഴും പരിമിതപ്പെടു ത്തുകയും എല്ലാം നിയന്ത്രിക്കുകയും ചെയ്തിരുന്നോ?
10. 13:10 ലെ ആദ്യവാചകത്തെ സംബന്ധിച്ച് (“ആരെങ്കിലും ... കൊ ല്ലപ്പെടണം”), സാധ്യതയുള്ള മൂന്ന് അർത്ഥങ്ങൾ പാഠത്തിൽ പ റഞ്ഞിരിക്കുന്നതിൽ നിങ്ങൾക്ക് ഏതാണ് ഇഷ്ടം?
11. 13:10 ന്റെ അവസാനം “സഹിഷ്ണുതയും” “വിശ്വാസവും” ആവശ്യം എന്നു പറഞ്ഞിരിക്കുന്നു. പിശാചിനോട് എതിർത്തുനി ൽപാൻ അവ എത്രമാത്രം അനിവാര്യമാണ്?
12. എന്താണ് ജീവപുസ്തകം? ആ പുസ്തകത്തിൽ ഒരാളുടെ പേർ എഴുതേണ്ടത് അത്യാവശ്യമാണോ?



മൃഗം സമുദ്രത്തിൽനിന്നു കയറിവരുന്നു (13:1–3)